അമൃതധാര മഴവനം
സപ്ലൈവണ്ണ ശോഭിതമായി വെട്ടിതിളങ്ങിക്കൊണ്ടിരിക്കണ്ണതും വളരെ ഉറപ്പില്ല, ബോംബെയറിങ്ങ് ഫിറ്റുചെയ്ത് സാക്ഷപോലെ നീങ്ങുന്ന വാതിലുള്ളതുമായ ഇരുമ്പ് സേഫ് ഫിറ്റുചെയ്ത സക്രട്ടറിയും മൂലയിൽ കാരോന്നും ഇരുമ്പും താണകളുള്ളതുമായ സിംഹാസനവും തിരിക്കൻ പൂപാത്രങ്ങളും ക്രോബികളും മുതലായവകൊണ്ടലങ്കരിക്കണ്ണതിനും
A. N. T. JOSEPH METAL WORKS
PHONE 6 VALAPAD

Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാർഷിക
പോസ്റ്റ്പെയ്ഡ് പോസ്റ്റ്വേ
ഒരു കൊല്ലത്തേയ്ക്ക് 27_00 6_00
6 മാസത്തേയ്ക്ക് 13_50 3_00
1 മാസത്തേയ്ക്ക് 2_25 1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്
വാരാന്ത്യപ്പതിപ്പ് ഒഴികെ 2_10
ഒറ്റപ്രതി 0_07 0_10
മാനേജർ.

വ്യസ്കം 12 | ലക്കം 134 | 1965 മെയ് 22 ശനി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ലതിതില്ലയിൽ വെടി തുടരുന്നു

പാക് പോഷകസേനകാം അതിർത്തിയിലേയ്ക്ക് നീങ്ങുന്നുണ്ടെന്ന് ഔദ്യോഗികവക്താവ്

ഇന്ത്യൻസേന ജാഗ്രതയിൽ

(പി. ടി. ഐ.) ഷില്ലോങ്ങ് മെയ് 21

ആസ്സാം–കിഴക്കൻ പാകിസ്ഥാൻ അതിർത്തിയിലെ ലതിതില്ലാ–ദുമാബാരി മേഖലയിൽ ഇന്നലയും പാകിസ്ഥാൻ സേനകാം വെടിവെപ്പു തുടന്നതായി ഒരു ഔദ്യോഗികവക്താവ് ഇന്നു പ്രസ്താവിച്ചു. അവർ ഇരുനൂറ് റൌണ്ട് വെടിവെച്ചു.

മുന്നാഴ്ചയായി ഈ മേഖലയിൽ നടന്നവരുന്ന വെടിവെപ്പിൽ ഇതുവരെ പാക് പക്ഷത്തുള്ള 17 പേർ കൊല്ലപ്പെടുകയാ 21 പേക്ക് പരിക്കേൽക്കുകയും ചെയ്യുവെന്നും ഈ വക്താവ് തുടന്നു പറഞ്ഞു.

മെയ് രണ്ടുമുതൽ ആരംഭിച്ച ഈ വെടിവെപ്പിൽ പാകിസ്ഥാഗികാം മൊത്തം ഏതാണ്ട് 83000 റൌണ്ട് വെടിവെച്ചിട്ടുണ്ട്. മോർട്ടാകളും റൈഫിളുകളും ചെറുതും ഇടത്തരവുമായ മഷീൻ തോക്കുകളുമാണ് അവർ ഉപയോഗിച്ചിരുന്നതു്.

അതിർത്തിയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളനുസരിച്ച്, കഴിഞ്ഞ 14 ദിവസങ്ങളായി പാകിസ്ഥാൻ പോഷക സേനകളെ റെയിൽവേമാർഗ്ഗവും റോഡുമാർഗ്ഗവും അതിർത്തിയിലേക്ക് നീക്കിക്കൊണ്ടിരിക്കയാണ്. ഇന്ത്യൻ സേനകാം ജാഗ്രതപാലിക്കുന്നുണ്ടെന്നും അതിർത്തികാം നല്ല കാവലിലാണെന്നും വക്താവ് തുടന്നു പറഞ്ഞു.

വെറംനുണ

വെടിനിർത്തൽ രേഖയിലുള്ള മുസാഫർബാദ്, റവാൽപിണ്ടി എന്നിവിടങ്ങളിലെ പാകിസ്താവുമ്പങ്ങളുടെ നടത്തിയ അക്രമണവേളയിൽ ഇന്ത്യൻപക്ഷത്തു് 100 ൽപ്പരം ഭടന്മാർ കൊല്ലപ്പെട്ടുവെന്ന് മേയ് 19–ന് റാവൽപ്പിണ്ടിയിൽ വച്ച് ഒരു ഔദ്യോഗികവക്താവ് പ്രസ്താവിച്ചതു് വെറം സാങ്കല്പികകഥയാണെന്നും ഒരു പ്രതിരോധകാര്യാലയവക്താവ് ഇന്നിവിടെ പ്രസ്താവിച്ച

ആസ്സാ് കാഷ്മീർ സേനകളും മുജാഹിദ്കളും ചേന്ന് ഇന്ത്യൻസേനയെ വിജയകരമായി തിരിച്ചോടിച്ചുവെന്ന പാകിവക്താവിന്റെ അവകാശവാദത്തെയും ഈ വക്താവ് നിഷേധിച്ചു.

സൂക്ഷ്മമായ പരിശോധനയ്ക്കുശേഷം അത്തരത്തിമുള്ള സംഭവം നടന്നിട്ടേയില്ലെന്ന് മനസ്സിലായതായി ഈ വക്താവ് തുടന്നുപറഞ്ഞു.

ഈ പ്രദേശത്തെ ജനങ്ങാം കുറെനാളായി പട്ടിണിയിലായതിനാൽ ഇന്ത്യൻസേനകളുടെവെടിവെപ്പുമൂലമാണ് ഭക്ഷണസാധനങ്ങാം അവിടെ എത്തിക്കാൻ സാധിക്കാത്തതെന്ന് പ്രചരണം നടത്തി അവരെ സമാശ്വസിപ്പിക്കുവാൻ വേണ്ടിയാണ് പാക് പത്രങ്ങാം ഇത്തരമൊരു വാർത്ത കെട്ടിച്ചമച്ചതെന്ന് വക്താവ് വെളിപ്പെടുത്തി.

തിരിച്ചടിച്ചു

വെടിനിർത്തൽ രേഖയ്ക്കടുത്തു് കാർ ഗിലിനു സമീപമുള്ള ഒരു ഇന്ത്യൻ താവളത്തിനുനേരെ പാക് പട്ടാളം 18–ാം തീയതി രാത്രിയിലും മെയ് 19–ാംതീയതി രാത്രിയിലും നടത്തിയ അക്രമണശ്രമത്തെഇന്ത്യൻസേനതിരിച്ചടിച്ചുവെന്ന് ഇന്നിവിടെ ലഭിച്ച റിപ്പോർട്ടിൽപറയുന്നു.

ശാസ്ത്രിഅറിയിച്ചു

കച്ചിൽ വെടിനിർത്തലിനുവേണ്ടി ബ്രിട്ടൻ നടത്തുന്ന ശ്രമങ്ങളുടെ പുരോഗതിയെപ്പറ്റി പ്രധാനമന്ത്രി ശാസ്ത്രി ഇന്ത്യൻ കാബിനറ്റ് സഹപ്രവർത്തകരെ അറിയിച്ചു.

ബ്രിട്ടനും ഇന്ത്യയും പാകിസ്ഥാനും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഈ 'ത്രികോണവാദം' ഉടനുകയാണെന്ന് ഔദ്യോഗികവൃത്തങ്ങളിൽനിന്നുമറിയുന്നു

തൃശ്ശൂർപ്രദർശനം സമാപിച്ചു

1,03000 ക. വരവ്

(സ്വ ലേ) തൃശ്ശൂർ, മെയ് 21

തിരുവമ്പാടി–പാറമേക്കാവ് ദേവസ്വങ്ങളുടെ ആഭിമുഖ്യത്തിൽ 27 ദിവസമായി ഇവിടെ നടന്നുവന്നിരുന്ന അഖിലേന്ത്യാവിദ്യുച്ഛക്തി വ്യാവസായിക–കാർഷിക പ്രദർശനം ഇന്നു് സമാപിച്ചിരിക്കുന്നു.

സമാപനസമ്മേളനത്തിൽ ജില്ലാകലക്ടർ ശ്രീ. എൻ. ശ്രീധരൻനായർ അദ്ധ്യക്ഷത വഹിച്ചു. പ്രദർശനകമ്മിറ്റി പ്രസിഡണ്ട് ഡോ: കെ. എൻ. പിഷാരടി സ്വാഗതം പറഞ്ഞു. കൺവീനർ ക്യാപ്റ്റൻ എ. എൻ. മേനോൻ റിപ്പോർട്ട് വായിച്ചു. ആകെ. 3 ലക്ഷത്തിൽപരംപേർ പ്രദർശനം സന്ദർശിക്കുകയും 10,3000 ക പിരിഞ്ഞകിട്ടുകയുമുണ്ടായി. ചിലവിനത്തിൽ 43000കയും മുനിസിപ്പാലിറ്റിക്ക് നല്കേണ്ട 8000കയും കൂടി 51000ക. കഴിച്ച് ബാക്ക് 520ഠ0ക. കമ്മറാക്ക് മിച്ചമുണ്ട്. പ്രദർശനങ്ങാം കണ്ട ഒന്നാംസമ്മാനം ഡിഫൻസ് വകുപ്പിനും രണ്ടാം സമ്മാനം കേന്ദ്ര ഇൻഫർമേഷൻ വിഭാഗവും മൂന്നാംസമ്മാനം കേരാ സ്റ്റോറേ ഇന്റസ്ട്രിയൽ ഡിപ്പാർട്ടുമെൻറും നേടി. പ്രത്യേക സമ്മാനങ്ങാം ആനിമൽഹസ്ബൻഡറി, പബ്ലിസിറ്റി, കൊച്ചിൻ മാല്യേഫിംസ് എന്നിവയ്ക്കും ലഭിച്ചു.

....

ഹൈഡ്രജൻബോമ്പല്ല

[റോയിട്ടർ] വാഷിംഗ്ടൺ മേ. 21

പൈന കഴിഞ്ഞായു പൊട്ടിച്ച അണുബോമ്പു ഹൈഡ്രജൻബോമ്പായിരുന്നില്ലെന്ന് അമേരിക്കൻ അറോമിക് എനർജി കമ്മീഷൻ പ്രസ്താവിച്ചിരിക്കുന്നു.

അന്തരീക്ഷത്തിലെ റേഡിയോ പ്രസരണം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബോമ്പിന്റെ വിധത്തെപ്പറ്റി പറയുന്നതെന്നും കമ്മീഷൻ അറിയിച്ചു.

....

ടെലിവിഷൻ രാജ്യവ്യാപകമാക്കാൻ പരിപാടി

[പി ടി ഐ] ന്യൂഡൽഹി മേ. 21

നാലാം പദ്ധതിക്കാലത്തു് രാജ്യവ്യാപകമായ നിലയിൽ ടെലിവിഷൻ ഏർപ്പെടുത്തുന്നതിനായുള്ള ഒരു മാസ്റ്റർപ്ലാനിന്റെ തത്വവും ലക്ഷ്യവും ഉന്നതതലത്തിൽ കേന്ദ്രഗവമ്മെണ്ട് അംഗീകരിച്ചിരിക്കുന്നു

ദൽഹിയിലേയ്ക്ക് ഒരു ടെലിവിഷൻ സ്റ്റുഡിയോ സമ്മാനിക്കാമെന്ന് പശ്ചിമജർമ്മനി സമ്മതിച്ചിട്ടുണ്ട്. ഈ സമ്മാനം ഇന്ത്യാഗവമ്മെണ്ട് സ്വീകരിച്ചിട്ടുണ്ട്.

....

പ്രസിഡണ്ടുപദം രാജിവെച്ചു

[പി. ടി. ഐ] റാവൽപിണ്ടി, മേ. 21

പശ്ചിമ പാക്കിസ്ഥാനിലെ ഭരണകക്ഷിയായ മുസ്ലീം ലീഗിന്റെ പ്രസിഡണ്ടുപദം സംസ്ഥാന ധനകാര്യമന്ത്രി മി. ഷെയ്ഖ് മസൂദ് സാദിക രാജിവെച്ചിരിക്കുന്നു.

വഞ്ചിച്ച ജോലിത്തിരക്കിന്റെ അടിസ്ഥാനത്തിൽ മി. സാദിക്കിന്റെ രാജി സ്വീകരിച്ചിരിക്കുന്നതായി ലീഗിന്റെ സിക്രട്ടറി ജനറാം മി. ഭട്ടോ പ്രസ്താവിച്ചു.

സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേറ്റ്, കൃഷ്ണനഗർ

ഈ മിഷൻ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന യുവതികളെ നേരിട്ടുകണ്ട് തെരഞ്ഞെടുക്കുന്നതിന് കൃഷ്ണനഗറിൽനിന്ന് രണ്ട് ബ: സഹോദരിമാർ കേരളത്തിൽ വന്നിട്ടുണ്ട്. സ്സ്കൂംഫൈനൽ പാസ്സായിട്ടുള്ള യുവതികളെ അവർ തെരഞ്ഞെടുക്കുന്നതായിരിക്കും. ജൂൺമാസം അവസാനത്തോടുകൂടി തെരഞ്ഞെടുപ്പ് കഴിഞ്ഞ് അവർ മടങ്ങിപ്പോകുന്നതാണ്. ഈ സഭയിലെ അംഗങ്ങാം ഡോക്ടേഴ്സായും, നേഴ്സ്മാരായും, അദ്ധ്യാപികമാരായും, സാമൂഹ്യപ്രവത്തകരായും സേവനമനുഷ്ഠിക്കുന്ന നഗരങ്ങളിലും ഗ്രാമങ്ങളിലും അവർ സൈക്കിംവഴി ചുറ്റിനടന്ന് സ്ത്രീകളേയും ശിശുക്കളേയും പരിചരിക്കുന്നു. സ്സ്കൂംഫൈനൽ പാസ്സായിട്ടുള്ള യുവതികാം ഉടൻ എഴുതുക.

To,
Sister Audry S. M. I.
FORANE CHURCH
PAZHUVIL P O., Trichur (Dist)

സാന്തോഡൊമീങ്കോവിപ്ലവം

24 മണിക്കൂർനേരം വെടിനിർത്തലായി

സാന്തോഡോമീങ്കേ, മെ 21 (റോയിട്ടർ)

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ പരസ്യാം പൊരുതിക്കൊണ്ടിരിക്കുന്ന രണ്ടു വിഭാഗങ്ങളുടേയും നേതാക്കാം കഴിഞ്ഞ രാത്രി ഒരു വെടിനിർത്തൽക്കരാറിൽ ഒപ്പുവെച്ചിരിക്കുന്നു. വിപ്ലവത്തിനാർ ഒരു മാസം നീണ്ടുനിൽക്കുന്ന ചരിത്രത്തിൽ ഇതു രണ്ടാമത്തെ വെടിനിർത്തൽക്കരാറാണ്. ഇതിനിടയിൽ, നാഷനൽ പാലസിനുമുള്ളിൽ പൊരിഞ്ഞ യുദ്ധം നടക്കുന്നുണ്ടെന്ന റിപ്പോർട്ടുകളും പുറത്തുവന്നുകൊണ്ടിരിക്കുന്നു

ഇന്നുച്ചമുതൽ പ്രാബല്യത്തിൽവരുന്ന ഈ വെടിനിർത്തൽ 24 മണിക്കൂർനേരത്തേയ്ക്കാണ്. തെരുവുകളിൽനിന്നു മൃതദേഹങ്ങാം നീക്കംചെയ്യുന്നതിനും സംസ്കരിക്കുന്നതിനും മുറിവേറ്റവർക്കു പരിചരണം നൽകുവാനും റെഡ് ക്രോസ്സിനു സൌകര്യം നൽകുകയാണ് ഈ വെടിനിർത്തലിന്റെ ലക്ഷ്യം

മെയ് അഞ്ചിനു് ഉണ്ടാക്കിയ വെടിനിർത്തൽക്കരാർ പൂർണ്ണമായും പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ടി അമേ: രാഷ്ട്രസംഘടനയും ഐക്യരാഷ്ട്രസംഘടനയും ഐക്യരാഷ്ട്രസഭയും ചേന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ്, 5 ദിവസംമുമ്പ് 'ഭരണഘടനാ' ഗവർന്മെണ്ട് തലവനായ ഫ്റാൻസിസ്കോ കമാനോയുടേയും 'പുനർനിർമ്മാണ' ഗവ. 'മേധാവിയായ അന്റോണിയോ ഇമ്പർട്ടിന്റേയും സേനകാം തമ്മിാം കൂടുതൽ ഉഗ്രമായ പോരാട്ടം ആരംഭിച്ചതു്.

ഒരു സ്ഥിരം വെടിനിർത്തൽ നടപ്പാക്കുന്നതിനു് സമയം വൈകിപ്പായെന്നു് ജനാൽ ഇമ്പർട്ട് പറഞ്ഞതായി അവരുടെ അധീനത്തിലുള്ള റേഡിയോ ഇന്നലെ പ്രക്ഷേപണംചെയ്തു.

വിപ്ലവത്തിനു് വിത്തമിട്ടുന്നതിനും യുദ്ധം നഗരത്തിന്റെ മദ്ധ്യഭാഗത്തേയ്ക്കു കൂടി വ്യാപിക്കുന്നതിനും ഇമ്പർട്ടിനു് പരിപാടിയുണ്ടെന്നു് റേഡിയോ തുടർന്നു വെളിപ്പെടുത്തി

ഡൊമിനിക്കൻ റെഡ്ക്രോസ് പ്രസിഡണ്ടു് സേനോർലൂയിസ് ഫെർണാണ്ടെസ് മാർട്ടിനെസ് നടത്തിയ ദീർഘമായ കൂടിയാലോചനകളുടെ ഫലമായിട്ടാണ് ഏറ്റവും പുതിയ ഈ വെടിനിർത്തലിനു് ഇരുകൂട്ടരും അനുസമ്മതം നൽകുവാനും റെഡ് ക്രോസ്സു് സൌകര്യം ചെയ്തുകൊടുക്കുവാനും ഈ വെടിനിർത്തൽ ഉപയോഗിച്ചതു്.

കേണൽ കമാനോയുടെ ഗവമ്മെണ്ടിലെ ആഭ്യന്തര പോലീസ് മന്ത്രി കേണൽ റാഫയേൽ ഫെർണാണ്ടെസ് ദൊമിംഗോയും അദ്ദേഹത്തിന്റെ നാലുകൂട്ടാളികളും കഴിഞ്ഞ ബുധനാഴ്ച നടന്ന യുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്നു് റിപ്പോർട്ടു് ചെയ്യപ്പെട്ടിരുന്നു.

പാക് അന്വേഷണ സംഘം അപകട രംഗത്തേയ്ക്ക്

[റോയിട്ടർ] കയ്റോ മെ. 21

119 പേർ കൊല്ലപ്പെട്ട ഇന്നലത്തെ പാക് വിമാനാപകടരംഗത്തേയ്ക്ക് ഒരു അന്വേഷണസംഘം കയ്റോയിൽനിന്നും തിരിച്ചിരിക്കുന്നു.

രക്ഷപ്പെട്ട 6 പേർ ഇപ്പോാം കയ്റോ ആസ്പത്രിയിലാണ്. അവരിൽ ഒരാളുടെ നില പൊതുവെ മെച്ചമാണെന്നും ഒരു വക്താവ് പറഞ്ഞു. മറവുള്ളവയ്ക്ക് ഉടനടി എന്തെങ്കിലും ആപത്തു് സംഭവിക്കുമെന്നു കരുതുന്നില്ല.

വർണ്ണവിവേചനം കാണിക്കുന്നവരെ പുറംതള്ളാം

ലോകാരോഗ്യസംഘടനയുടെ ഭരണഘടനയിൽ ഭേദഗതി

[റോയിട്ടർ] ജനീവ, മേയ് 20

കരുതിക്കൂട്ടി വർണ്ണവിവേചനനയം അനുവർത്തിക്കുന്ന ഒരു അംഗരാഷ്ട്രത്തെ സസ്പെൻഡുചെയ്യുകയോ പുറംതള്ളുകയോ ചെയ്യുന്നതിനെ അനുവദിക്കുന്ന ഒരു ഭേദഗതി 29 വോട്ടുകാംക്കെതിരായ് 65 വോട്ടുകാം നേടി ലോകാരോഗ്യ സംഘടന പാസ്സാക്കിയിരിക്കുന്നു. ഭക്ഷിണാഫ്രിക്കയെ പ്രത്യേകമായി ഭേദഗതിയിൽ എടുത്തുപറഞ്ഞിട്ടില്ല എന്നാൽ ആ രാഷ്ട്രത്തെയുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി എന്ന് അതിന്റെ അനുകൂലികാം വ്യക്തമാക്കിയിട്ടുണ്ട്.

10–അംഗങ്ങാം വോട്ടിംഗിൽ പങ്കെടുത്തില്ല. ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ലോകാരോഗ്യസംഘടനയിലുള്ള രാഷ്ട്രങ്ങളുടെ മൂന്നിൽ രണ്ടുഭാഗം ഇതിനെ അംഗീകരിക്കേണ്ടതുണ്ട്. ആകെ മെമ്പർമാർ 121 ആണുള്ളതു്.

....

ധാതുവിഭവങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ

ന്യൂഡൽഹി, മേയ് 20

നാലാംപഞ്ചവത്സരപദ്ധതിക്കാലത്തു് ധാതുവിഭവങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന് കേന്ദ്ര ഉരുക്ക്–ഖനിവകുപ്പ് പുതുതായി രൂപവും പദ്ധതികാം സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനങ്ങാം ആരംഭിച്ചിരിക്കുന്നു.

ഇന്നുവരെയുള്ള തുടക്കിയ പ്രധാന ധാതുക്കളുടെ ആവശ്യം മുന്നാം പദ്ധതിയുടെ അവസാനത്തെ ഉത്പാദനത്തിന്റെ 300 ശതമാനം കണ്ടു് അധികമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

....

13 സൈക്കിാം മോഷ്ടിച്ച മുൻ സൈന്യോദ്യോഗസ്ഥൻ

(പി ടി ഐ) മദിരാശി, മേ. 21

ഒരു മുൻ റവന്യൂഇൻസ്പെക്ടറെ അറസ്റ്റുചെയ്തതിനെത്തുടന്ന് മോഷ്ടിക്കപ്പെട്ട 13 സൈക്കിളുകാം പോലീസ് കണ്ടെടുത്തിരിക്കുന്നു. നഗരത്തിൽ നടന്ന പത്തും അണ്ണാമലൈനഗറിൽ നടന്ന മൂന്നും സൈക്കിാംമോഷണങ്ങാം ക്ഷത്രരവാദി ബാലസുബ്രഹ്മണ്യം എന്നപേരായ ഈ മുൻ റവന്യൂ ഇൻസ്പെക്ടറാണെന്ന് മദിരാശി പോലീസ് ഡെ കമ്മീഷണർ എസ്. പുനിയപ്പൻ ഇന്നു പത്രലേഖകരോടു് പറഞ്ഞു. സൌത്ത് ആർക്കോട്ടുജില്ലയിലെ കാരൂർ എന്ന സ്ഥലത്തുവച്ച് മോഷ്ടിച്ചെടുത്ത ഒരു സൈക്കിാംവിറ്റ് പണം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് പോലീസ് അയാളെ അറസ്റ്റുചെയ്തതു്.

ഇന്ത്യയുടെ ആരോപണങ്ങാം പാക്കിസ്ഥാൻ നിഷേധിച്ചു

(റോയിട്ടർ) ഐക്യരാഷ്ട്രസഭ, മേ. 21

കമ്മ്യൂണിസ്റ്റ് പൈനയുമായുള്ള സഖ്യം, ഇന്ത്യക്കെതിരായ ആക്രമണം എന്നിവ സംബന്ധിച്ച് പാക്കിസ്ഥാനും നേരെ ഇന്ത്യ ഉന്നയിച്ച ആരോപണങ്ങാം സെക്യൂരിറ്റി കൌൺസിലിനുള്ള ഒരു കത്തിൽ പാക്കിസ്ഥാൻ നിഷേധിച്ചിരിക്കുന്നു.

കച്ചുള്ള് ഒരു സെക്യൂരിറ്റികൌൺസിൽ രേഖയെന്ന നിലയിൽ ഇവിടെ പ്രസിദ്ധീകരിച്ചു. ഇന്ത്യൻ പ്രതിനിധി സെക്യൂരിറ്റി കൌൺസിലിനു് ഏപ്രിൽ 27–ാംതിയതി അയച്ച ഒരു കത്തിനുള്ള മറുപടിയായാണ് മേയ് 17–ാംതിയതി പാക്കിസ്ഥാൻ പ്രതിനിധി ഈ കത്തു് സെക്യൂരിറ്റികൌൺസിലിനു് അയച്ചിട്ടുള്ളതു്.

പൈന–പാക്കിസ്ഥാൻ അതിർത്തിക്കാരിൽ പൊട്ടിപ്പുറപ്പെട്ടിട്ടുള്ള ഇന്ത്യയുടെ പ്രതിഷേധം രേഖപ്പെടുത്തപ്പെട്ടതിനെ പരാമർശിച്ചുകൊണ്ട് പാക്കിസ്ഥാൻപ്രസ്താവിച്ചതു്, അതു് തികച്ചും പാക്കിസ്ഥാനെ അപമാനിപ്പെടുത്തുവാൻവേണ്ടിയുള്ള ഒരാരോപണമാണെന്നാണ്.

നെഹ്രുവിന്റെ പ്രഥമ ചരമവാർഷിക വാരാചരണം ആരംഭിച്ചു

പി ടി ഐ ന്യൂഡൽഹി, മേ. 21

പരേതനായ പ്രധാനമന്ത്രി നെഹ്രുവിന്റെ പ്രഥമ ചരമവാർഷികവാരാചരണം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇന്നു് ആരംഭിച്ചിരിക്കുന്നു.

അബ്യാസിന്റെ പത്രത്തിനു് പൂട്ടു് ഉത്തരവു്

ന്യൂഡൽഹി, മേ. 21

ചെക്കോസ്ലോവാക്യയിലെ ഗോട്ട്വാൾഡോവിൽ ഏപ്രിൽ അവസാനം നടന്ന, കുട്ടികാംക്കും യുവാക്കാംക്കും വേണ്ടിയുള്ള പുസ്തകങ്ങളുടെ അന്താരാഷ്ട്രയ മേളയിൽ ഇന്ത്യ പ്രദർശിപ്പിച്ച, കെ. എ. അബ്ബാസിന്റെ ഹമാരാലർ ബഹുമതിനുമായ പരാമർശനം നേടുകയുണ്ടായി. 27 രാജ്യങ്ങളിൽനിന്നു് 31 പുസ്തകങ്ങാം മേളയിൽ പങ്കെടുത്തിരുന്നു.

ദക്ഷിണ വിയറ്റ്നാമിൽ വീണ്ടും വിപ്ലവശ്രമം

ഏഴ് ഓഫീസർമാർ അറസ്റ്റിൽ— ഒരാളെ വെടിവെച്ചുകൊന്നു

(റോയിട്ടർ) സായ്ഗോൺ, മെയ് 21

ഗവമ്മെണ്ടിനെ അട്ടിമറിക്കാൻ പല പ്രമുഖരുടേയും കമ്മ്യൂണിയറ്റ്കോങ്ങുകളുടേയും പിന്തുണയോടെ നടത്തപ്പെട്ട ഒരു സൈനികഗൂഢാലോചന തകർക്കപ്പെട്ടതായി ദക്ഷിണവിയറ്റ്നാം പ്രധാനമന്ത്രി ഫാൻഹുയ്കാനാറ് ഇന്നു് പ്രസ്താവിച്ചിരിക്കുന്നു

ഈ ഗൂഢാലോചനയുമായി ബന്ധപ്പെട്ട ഓഫീസർമാരെയും സിവിലിയന്മാരേയും ഇന്നലെ രാത്രി അറസ്റ്റുചെയ്തുവെന്നും ഒരു പ്രക്ഷേപണി പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. അറസ്റ്റിനെ ചെറുത്തുനിന്ന ഒരു ഓഫീസറെ വെടിവെച്ചുകൊന്നു.

ഗൂഢാലോചനയുമായി വിയറ്റ്കോങ്ങുകൾക്കുള്ള ബന്ധം എന്താണെന്നു് പറയുവാനോ അതിനെതെങ്കിലും തെളിവുനൽകാനോ അദ്ദേഹം തയ്യാറായില്ല.

കഴിഞ്ഞ ഫെബ്രുവരിയിൽ, അന്നത്തെ സായുധസേനാ കമാണ്ടറായിരുന്ന മേജർ ജനാൽ നഗയെൻ ഖാനെയ്ക്കെതിരായി നടത്തപ്പെട്ട ഫലശ്രുന്യമായ വിപ്ലവത്തിൽ പങ്കെടുക്കുകയും അതിനെത്തുടന്ന് വിചാരണയ്ക്കു വിധേയരാവുകയും [അവരുടെ അസാന്നിദ്ധ്യത്തിൽ] ചെയ്തവരിലുംപ്പെടുന്നവരാണ് ഈ ഗൂഢാലോചനയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഇന്നുച്ചകഴിഞ്ഞ് സായ്ഗോൺ ശാന്തമാണ്. ഇന്നലെ രാത്രി നഗരത്തിന്റെ പ്രധാനസ്ഥാനങ്ങളിൽ സൈന്യം നിലയുറപ്പിച്ചിരുന്നുവെങ്കിലും ഇന്നു് അതൊന്നും കാണാനില്ല.

ഏഴ് ഓഫീസർമാരും ഒരു സിവിലിയനുമാണ് ഇന്നലെ അറസ്റ്റുചെയ്യപ്പെട്ടതെന്നും അവരെല്ലാം റോമൻ കത്തോലിക്കരാണെന്നും അഭിജ്ഞരകേന്ദ്രങ്ങാം പ്രസ്താവിച്ചു. കൂടിക്കൊണ്ടിരുന്ന ഒരു ലോറിയിൽനിന്നും ചാടി രക്ഷപെടാൻ ശ്രമിച്ച ഒരു ഓഫീസറെ വെടിവെച്ചുകൊന്നുവെന്നും ഈ വൃത്തങ്ങാം പറഞ്ഞു.

ഡോ. കാനാറിന്റെ ഗവമ്മെണ്ടിനോടു് ചില വിയറ്റ്നാമീസ് കത്തോലിക്കർ അതൃപ്തിയുണ്ട്. വിയറ്റ്നാം യുദ്ധം അവസാനിപ്പിക്കുന്നതിനു് ഒരു നിഷ്പക്ഷപരിഹാരം കാണണമെന്നുള്ള ഗവമ്മെണ്ടിന്റെ നയത്തോടു് അവർ വിയോജിക്കുന്നു.

ബോംബാക്രമണം തുടരുന്നു

അമേരിക്കൻ വ്യോമസേനാ വിമാനങ്ങാം വടക്കൻ വിയറ്റ്നാമിന്റെ റഡാർ കേന്ദ്രങ്ങാംക്കനേരേ ഇന്നു് ബോംബുവർഷിച്ച് അവയ്ക്ക് സാരമായ കേടുപാടുകാം വരുത്തുകയുണ്ടായി. 19–ാം സമാന്തരത്തിനു വടക്കുള്ള ഹോൺഹൃം എന്ന ദ്വീപിലാണ് ഈ കേന്ദ്രങ്ങാം സ്ഥിതിചെയ്യുന്നതു്.

ഹാനോയിക്ക് 85 മൈൽ തെക്ക് താൻഹോവാ എന്ന സ്ഥലത്തിനു സമീപമുള്ള ഒരു പുഴയിൽകൂടി ഓടിച്ചുപോയിരുന്ന ബാർക്കുകൾ വിയറ്റ്നാം കാവൽബോട്ടുകാളെ അമേ. നാവിക വിമാനങ്ങാം ഇന്നു് രണ്ടുതവണ ആക്രമിക്കുകയും അവയിൽ രണ്ടെണ്ണം കത്തിപ്പോവുകയും ചെയ്തു.

ഫാദർ വടക്കൻ സോഷ്യൽ ലീഡർഷിപ്പ് ഡിപ്ലോമാ–ജൂൺ അവസാനം മടങ്ങും

[സ്വ. ലേ.] തൃശ്ശൂർ മെയ് 21

മെയ് 13–ാംനു നടന്ന കോൺവൊക്കേഷൻ വടങ്ങിൽവച്ചു കാനഡായിലെ കോഡി ഇൻറർ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻറ് ഫ്റാൻസീസ് സേവ്യർ യൂണിവേഴ്സിറ്റിയിൽനിന്നും ഫാദർ വടക്കൻ 'സോഷ്യൽ ലീഡർഷിപ്പ്' ഡിപ്ലോമാ പ്രശസ്തമായ നിലയിൽ കരസ്ഥമാക്കിയിരിക്കുന്നതായി ഇവിടെ വിവരം ലഭിച്ചിരിക്കുന്നു.

കഴിഞ്ഞ എട്ടുമാസങ്ങളായി അദ്ദേഹം ഈ കോഴ്സിൽ പരിശീലനം നേടിവരികയായിരുന്നു. മെയ് 13നു അദ്ദേഹം പിക്കാഗോയിലേയ്ക്കു പുറപ്പെട്ടു. കേരളത്തിൽനിന്നും അവിടെ പഠനം നടത്തുന്ന സി. എം. ഐ. സഭാംഗമായ റവ. ഫാദർ ജോസഫ് ക്ലാരൂസുമൊത്തു് എതാനും ദിവസം ഫാദർ വടക്കൻ ചിക്കാഗോയിൽ താമസിക്കുന്നതാണ്.

പിന്നീടു് ഇംഗ്ലണ്ടിലേയ്ക്കുപോയി അവിടെ രണ്ടാഴ്ച പര്യടനം നടത്തുന്നതും ജൂൺ അവസാനത്തോടുകൂടി കേരളത്തിൽ തിരിച്ചെത്തുന്നതുമാണ്.

എഴുപാക് പ്രോമാരെ നാടുകടത്തി

(പി ടി ഐ) ജമ്മുതാഗർ മെ 21

തക്ക രേഖകളില്ലാതെ നഗരത്തിൽ താമസിച്ചിരുന്ന എഴുപാക്പൗരന്മാരെ ഇന്ത്യയിലെ നാടുകടത്തിയെന്നു് പോലീസ് ഇന്നു റിപ്പോർട്ടുചെയ്തു.

ദേശീയ വിജ്ഞാപനത്തെത്തുടർന്നുള്ള ഇവരുടെ പുറപ്പാടു് ഹൈദ്രാബാദിലെ രാഷ്ട്രപതി നിലയത്തിൽ താമസിക്കുന്നതാണന്നാറിയിരിക്കുന്നു. ജൂൺ 16–ാംനു ഹൈദ്രാബാദിലെത്തുന്ന രാഷ്ട്രപതി ജൂലായ് 7–ാം തീയതിവരെ അവിടെ ഉണ്ടായിരിക്കും.

....

ഫയർ സ്റ്റേഷനുകാം സ്റ്റാഫ് ഭവനങ്ങാം നിർമ്മിക്കാൻ

82 ലക്ഷം കയുടെ പദ്ധതി

തിരുവനന്തപുരം, മേ. 20

പുതിയ കേരളങ്ങളിൽ ഫയർ സർവ്വീസ് സ്റ്റേഷനുകാം സ്ഥാപിക്കുന്നതിനും ഫയർ സർവ്വീസ് സ്റ്റാഫിനു് ഔദ്യോഗികവസതികാം നിർമ്മിച്ചുകൊടുക്കുന്നതിനുവേണ്ടി ഗവർമ്മെൻറ് ആവിഷ്കരിച്ചിട്ടുള്ള പുതുക്കളായി നടപ്പാക്കുന്ന ഒരു പദ്ധതി ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തു്

ബ്രി.പത്രറിപ്പോർട്ടുകളുടെഉത്തരവാദിത്വം പബ്ലിക്ക് റിലേഷൻസ് വകുപ്പിനുണ്ട്

വിദേശ പത്രപ്രതിനിധികളെ വശത്താക്കാൻ പാക്കിസ്ഥാൻ വിദഗ്ദ്ധമായി പ്രവർത്തിച്ചു—ഇന്ത്യ ആ സമയത്തെല്ലാം ഉറങ്ങിയിരുന്നു

ന്യൂഡൽഹി, മെയ് 21

റാൺ ഓഫ് കച്ചിലെ സംഭവവികാസങ്ങളെ സംബന്ധിച്ച് വിദേശപത്രങ്ങളിൽ ഇന്ത്യക്ക് ഹിതകരമല്ലാത്ത നിലയിൽ പ്രത്യക്ഷപ്പെട്ട വാർത്തകളെ 'റെഡിയോ ടേബിൾ' എന്ന കോമൺവെൽത്ത് പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മി. ലിയോണാർഡ് ബീറാൺ ന്യായീകരിച്ചിരിക്കുന്നു.

കഠിനമായ അടിസ്ഥാനത്തിൽ പ്രസ്തുത വിദേശപത്ര റിപ്പോർട്ടുകളെ, പ്രത്യേകിച്ചും ബ്രിട്ടീഷ് പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടവയെ, വീക്ഷിക്കേണ്ടിയിരിക്കുന്നു എന്നദ്ദേഹം യു. പി. എസ്.ഐ.യുടെ ഒരു ദ്വിമുഖ സംഭാഷണത്തിൽ പ്രസ്താവിച്ചു. മേല്പറഞ്ഞിപ്പോർട്ടുകളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ കോമൺവെൽത്ത് രാജ്യങ്ങളുടെ നിലയിൽ സഹോദരന്മാർ തമ്മിലുള്ള ഒരു താൽക്കാലികമായ വ്യത്യാസമായി പരിഗണിച്ചാൽ മതിയാകുമെന്നാണദ്ദേഹത്തിന്റെ വിശ്വാസം. അടിസ്ഥാനപരമായ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്യേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

വിദേശപത്രങ്ങളിലെ ഉപകരണങ്ങളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസമുള്ള ഇന്ത്യക്കാരെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. ഇന്ത്യൻ പത്രങ്ങളുടെ നയത്തിനൊത്തു റിപ്പോർട്ട് ചെയ്യുകയെന്ന സാധാരണ നിയമം കണക്കിലെടുക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു.

ഇന്ത്യൻ പത്രപ്രവർത്തകരുടെ നിലവാരത്തിന്റെ പരിതാപകരമായ അവസ്ഥയെപ്പറ്റിയും അദ്ദേഹം പരാമർശിച്ചു. എന്നാൽ ഇന്ത്യയുടെ ഭാഗം തെറ്റായി ചിത്രീകരിക്കുന്ന പത്രങ്ങൾക്കെതിരായി നടപടിയെടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഭാഗം തെറ്റായി ചിത്രീകരിക്കുന്ന പത്രങ്ങൾക്കെതിരായി നടപടിയെടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഭാഗം തെറ്റായി ചിത്രീകരിക്കുന്ന പത്രങ്ങൾക്കെതിരായി നടപടിയെടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

റേഡിയോ

മേയ് 22 ശനി

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, 454.5, 441.2, 517.2 മീറ്റർ

കാലത്തു്

6_30 മംഗളവാദ്യം
6_35 പരിപാടിവിശേഷം
6_40 വാർത്തകൾ ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകൾ മലയാളത്തിൽ
7_45 ഗാനപാഠം
8_00 വാർത്തകൾ ഇംഗ്ലീഷിൽ
8_15 വായ്പാട്ട്

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകൾ
12_35 തൊഴിലാളിമണ്ഡലം
1_05 വാദ്യവൃന്ദം
1_20 വാർത്തകൾ മലയാളത്തിൽ
1_30 ലഘുചിത്രഗാനങ്ങൾ
1_40 വാർത്തകൾ ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥാറിപ്പോർട്ട്
5_30 ശിശുലോകം
6_00 പ്രാദേശികവാർത്തകൾ
6_05 പ്രാദേശികവാർത്തകൾ
6_15 നാടൻപാട്ട്
7_00 മലയാളപ്രഭാഷണം
7_10 ലഘുചിത്രഗാനങ്ങൾ
7_30 വാർത്തകൾ മലയാളത്തിൽ
7_45 നാടകം (അയൽക്കാർ പി. കേശവദേവ്)
8_15 നാടോടിപ്പാട്ടുകൾ
8_30 റേഡിയോനൃസ്സറി
8_45 ഗാനമഞ്ജരി
8_55 ഇന്നത്തെ ചിന്താവിഷയം
9_00 വാർത്തകൾ ഇംഗ്ലീഷിൽ
9_15 ജാഥ
9_30 ഡൽഹിറിലേ
10_30 വാർത്തകൾ ഇംഗ്ലീഷിൽ
10_35 സമാപനം

സ്റ്റുഡൻറ്സ് യൂണിയൻ താലൂക്ക് കൺവെൻഷൻ

മൂവാറ്റുപുഴ, മെ. 21

നാഷണൽ സ്റ്റുഡൻറ്സ് യൂണിയൻ 4-മതു് മൂവാറ്റുപുഴ താലൂക്ക് കൺവെൻഷൻ മേയ് 31 തിങ്കളാഴ്ച മൂവാറ്റുപുഴയിൽ വെച്ച് ചേരുന്നതാണു്. യോഗത്തിൽ ജയിംസ് കളത്തുങ്കൽ അദ്ധ്യക്ഷംവഹിക്കും. വർഗീസ് കാരപ്പറമ്പൻ യോഗം ഉൽഘാടനം ചെയ്യും. മിസ്സ്. തങ്കമ്മ വർഗീസ്, പി. എം. യൂസഫ്, പി. കൃഷ്ണകുമാർ, എം. സി. മാത്യൂ, പോൾ വി. കന്നിൽ, റാറി. ജോഞ്ജ് വർഗീസ് എന്നിവർ പ്രസംഗിക്കും.

സെൻറ് ജോഞ്ജ് ഓട്ട കമ്പനി തൊഴിൽതർക്കം ഒത്തുതീർപ്പിലെത്തി

തൃശ്ശൂർ, മേ. 21

അമ്പഗപ്പനഗറിലുള്ള സെൻറ് ജോഞ്ജ് ഓട്ടുകമ്പനിയിൽ ആഗസ്മാസത്തോമായി നടന്നുവന്നിരുന്ന പ്രത്യക്ഷസമരം ഇന്നു് ഡി ലേബർകമ്മീഷണർ വിളിച്ചുകൂട്ടിയ ത്രികക്ഷിസമ്മേളനത്തിൽവെച്ചു് ഒത്തുതീർപ്പിൽ എത്തിയിരിക്കുന്നു. തർക്കത്തിലിരുന്ന ചിലസംഗതികളും ട്രിബ്യൂണലിക്കുന്നതിനായി ഡി. ലേബർ കമ്മീഷൻ ചെയർമാനും തൊഴിലാളി പ്രതിനിധിയുമടങ്ങുന്ന ഒരു ട്രിബ്യൂണലിനു വിടുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. ഈ ട്രിബ്യൂണൽ ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. ഒത്തുതീർപ്പനുസരിച്ചു് ഒരു ശതമാനം ബോണസ്സും ഒരു ശതമാനം ഗ്രാറ്റുവിറ്റിയും തൊഴിലാളികൾക്കു് ലഭിക്കുന്നതാണു്. ഒത്തുതീർപ്പിൽ എത്തിയതിൽ ഇരുകൂട്ടരും സന്തോഷം പ്രകടിപ്പിച്ചു.

അടുത്ത ദശകങ്ങളിൽ അണുശക്തിയുടെ ഉപയോഗം

—: ഡോ: ഗ്ലെൻ ടി. സീബോർഗ് :—

ഈ നൂറാണ്ടിന്റെ ശേഷിച്ച വർഷങ്ങളിലെ മദ്ധ്യഘട്ടം എന്നു പറയാവുന്ന 1980-ലേക്കു് നമുക്കൊന്നു പോകാം. വിദ്യുച്ഛക്തുൽപ്പാദനത്തിൽ അണുശക്തിയുടെ വർദ്ധിച്ചതായ പ്രാധാന്യമുണ്ടായിരിക്കുകയും അണുശക്തുൽപ്പാദനപ്രവർത്തനത്തിനു് കൂടുതൽ സുരക്ഷിതത്വം പ്രകടിതമാകുകയും ചെയ്യുന്നതോടുകൂടി, വിദ്യുച്ഛക്തുൽപ്പാദനത്തിനു് പുറമെ പല കാര്യങ്ങൾക്കും അണുശക്ത്യുൽപ്പാദനയന്ത്രശാലകൾ അന്നു് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണു് 1980ൽ ഇതിനുള്ള പ്രാഥമികമായ ഉദാഹരണം, വിദ്യുച്ഛക്തുല്പാദനത്തോടൊപ്പം സമുദ്രജലശുദ്ധീകരിക്കുകയും ചെയ്യുന്ന യന്ത്രശാലകളായിരിക്കും.

ഈ ഇരുലക്ഷ്യങ്ങൾക്കുവേണ്ടി ഇന്നു് ശക്തി ഉൽപ്പാദിപ്പിക്കുന്നതിൽ, 1964ൽ പ്രസിദ്ധനു് ജോൺസൺ അവതരിപ്പിച്ച സാമൂഹ്യദേശീയ സഹകരണസിദ്ധാന്തം മുഖ്യമായ ഒരു പങ്കു് വഹിച്ചു എന്നു് 1980 ആകുമ്പോഴേക്കും നമുക്കു കാണാൻ കഴിയും.

സമുദ്രജല ശുദ്ധീകരണം

അണുശക്തി ഉപയോഗിച്ചു് ഉപ്പുവെള്ളം ശുദ്ധീകരിക്കുന്ന പരിപാടി യഥാവിധി വികസിക്കുന്ന പക്ഷം, 1980ആകുമ്പോഴേക്കും നഗരങ്ങളിലെ വീട്ടാവശ്യങ്ങൾക്കും വ്യവസായികാവശ്യങ്ങൾക്കും വേണ്ടി വെള്ളം നൽകുന്നതിൽ അതു് പ്രധാനപ്പെട്ട ഒരു പങ്കു് വഹിക്കുന്നതു് നാം കണ്ടുതുടങ്ങുന്നതാണു്. അണുശക്തികൊണ്ടു് ഉപ്പുവെള്ളം ശുദ്ധീകരിക്കുന്ന വലിയ യന്ത്രശാലകൾ ഉൽപ്പാദിപ്പിക്കുന്ന വെള്ളം മറ്റു മാർഗ്ഗങ്ങളിൽ ലഭിക്കുന്നതിനേക്കാൾ ചെലവു കുറഞ്ഞതായിരിക്കുമെന്നുള്ളതുകൊണ്ടും, വെള്ളത്തിന്റെ കരുവുമൂലം വളച്ചു് പരിമിതപ്പെട്ടുപോയ സ്ഥലങ്ങളിൽ വ്യാവസായികവും സാമൂഹികവുമായ വലിയ പുരോഗതി നാം ദർശിക്കുന്നതാണു്.

ഭൂവിസ്തലങ്ങളിലെ ഉപകരണങ്ങൾക്കുവേണ്ട വിദ്യുൽശക്തിയുടെ ചൂടും നല്കുകയാണു് അണുശക്തിയുടെ മറെറാരു ഉപയോഗം.

സമുദ്രത്തിനടിയിൽ

സമുദ്രത്തിനടിയിൽ റിയാക്ടറുകളുടെ ഉപയോഗം, ശോകത്തിലെ മഹാസമുദ്രങ്ങളുടെ പര്യവേക്ഷണം നടത്തുന്നതിനും പരമാവധി ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാദ്ധ്യത ചൂണ്ടിക്കാണിക്കുന്നു. ഈ സാദ്ധ്യത എത്രമാത്രമെന്നുള്ളതിനെപ്പറ്റി ഇപ്പോൾ അവ്യക്തമായ ഒരു കാഴ്ചയെ നമുക്കുള്ളു. അണുശക്തി ഉപയോഗിക്കുന്ന 'ബാതിസ്ഫോപ്പ്'കാം കൊണ്ടു് നടത്തുന്ന ദീർഘിച്ച പര്യവേക്ഷണങ്ങളും അതേതുടർന്നു് ഏർപ്പെടുത്തിയക്കാവുന്ന അണുശക്തി ഉപയോഗപ്പെടുത്തുന്ന പര്യവേക്ഷണ കേന്ദ്രങ്ങളും സമുദ്രത്തിലെ വമ്പിച്ച ധാതുസമ്പത്തുക്കളും നാം സ്വാധീനമാക്കുന്നതിനുള്ള ആദ്യപടികളായിരിക്കും.

1980 ആകുമ്പോഴേക്കും ഭൂക്കുള്ള പലതരം റിയാക്ടറുകളും സംബന്ധിച്ച ആശയങ്ങളും ഇന്നത്തെ വിദ്യുൽശക്ത്യുല്പാദനയന്ത്രശാലകളിലുള്ള എഞ്ചിനീയർമാർക്കു് തിരിച്ചറിയാൻ കഴിയാത്തവിധത്തിലുള്ളതായിരിക്കും. നാവികസേനയിലെ കപ്പലുകളും കച്ചവടക്കപ്പലുകളും കാടിക്കുവാൻ അണുശക്തിയുടെ ഉപയോഗം 1980-ൽ സർവ്വസാധാരണമായിരിക്കുന്നതാണു്. നശീകരണക്കപ്പലുകളേക്കാം വലിയ കപ്പലുകളെല്ലാം അണുശക്തികൊണ്ടു് കാടിക്കുന്നവയായിരിക്കും. 1980 ആകുമ്പോഴേക്കും കപ്പലോട്ടവും പരുക്കകം കൈകാര്യം ചെയ്യലും അണുശക്തിയും കൂട്ടാമേഷനും (സ്വയം പ്രവർത്തിക്കുന്ന യന്ത്രസംവിധാനം) കൂടിച്ചേർന്നതായിരിക്കും. അണുശക്തി ഉപയോഗിക്കുന്ന 'സാവന്ന' എന്ന അമേരിക്കൻ കപ്പലിന്റെ സഞ്ചാരത്തെത്തുടർന്നു് കച്ചവടക്കപ്പലുകളും കൂടിക്കുന്നതിനു് അണുശക്തിയുടെ ഉപയോഗം വർദ്ധിക്കുന്നതാണു്. അണുശക്തി ഉപയോഗിക്കുന്ന ചരക്കുകപ്പലുകൾക്കും ടാങ്കുകൾക്കും കൂടിയവേഗത്തിൽ ദീർഘദൂരം സഞ്ചരിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടു്, ഭൂമിയുടെ ശരാശരി പ്രവർത്തനച്ചെലവു് കുറഞ്ഞിരിക്കുകയും ചെയ്യും.

ശൂന്യാകാശപര്യവേക്ഷണം

1961 മുതൽ അണുശക്തി ശൂന്യാകാശപര്യവേക്ഷണത്തിനു് ഉപയോഗപ്പെടുത്തിവരുന്നുണ്ടു്. അണുശക്തിയുടെ ഏറ്റവും അത്ഭുതമായ പ്രയോജനങ്ങളിലൊന്നു് അനന്തമായ ഈ ശൂന്യാകാശമേഖലയിലാണു് കാണാൻ കഴിയുന്നതു്. ഇന്നുള്ളിലുള്ള സൂര്യനുമായി ബന്ധപ്പെടാതെയും കടുത്ത ശീതോഷ്ണമാറ്റങ്ങളോടുകൂടിയ കോസ്മിക് റേഡിയേഷനോ ഉണ്ടായാലും അതൊന്നും ബാധിക്കാതെയും അനവധി മാസക്കാലത്തേയ്ക്കു് പ്രവർത്തിക്കുന്ന ഒരു വിദ്യുച്ഛക്ത്യുല്പാദനമാർഗ്ഗം ഇതുപോലെ വേറെയില്ല.

ഐസോടോപ്പുകളും ഉപയോഗിച്ചു് ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തികൊണ്ടെപ്രവർത്തിപ്പിക്കുന്ന കാലാവസ്ഥോപഗ്രഹങ്ങളുടെയും വാർത്താവിനിമയോപഗ്രഹങ്ങളുടെയും ഒരു ലോകവ്യാപകശ്രേണിക്ക പുറമെ, 1980 ആകുമ്പോഴേയ്ക്കും ക്ലിയർ റിയാക്ടറുകളും അമേരിക്കയുടെ ശൂന്യാകാശപരിപാടിയിൽ സമ്പൂർണ്ണം സംയോജിപ്പിക്കപ്പെട്ടുകഴിയും.

ആസാദിന്റെ രഹസ്യക്കത്തുകാരണം ഡൽഹിയിൽ ഒച്ചപ്പാടുകാരണം ഉണ്ടാക്കുന്നു

ന്യൂഡൽഹി—സ്വാതന്ത്ര്യസമരത്തിലെ ധീരസേനാനിയും മുൻ കേന്ദ്ര വിദ്യാഭ്യാസവകുപ്പു മന്ത്രിയുമായിരുന്ന മൌലാനാ അബ്ദുൽകലാം ആസാദിന്റെ രഹസ്യക്കത്തുകാരണം തലസ്ഥാന നഗരിയിൽ വീണ്ടും ഒച്ചപ്പാടു് സൃഷ്ടിച്ച ഒരു പ്രശ്നമായി ഉയർന്നിരിക്കുന്നു.

പത്തുവർഷത്തിനപ്പുറം ആസാദ് മരണമടയുന്നതിനു് മുമ്പു് തന്റെ ആത്മകഥയും ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിച്ച സൂക്ഷ്മാനുമായ പല രഹസ്യങ്ങളും ഏതാനും രഹസ്യക്കത്തുകളും അടങ്ങിയ മുദ്രവെച്ച ഒരു കവറും ദീർഘകാലം അദ്ദേഹത്തിൻറെ വിശ്വാസ്യശിഷ്യനായിരുന്ന ഇപ്പോഴത്തെ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി പ്രൊഫസർ ഹുമയൂൺ കബീറിനെ ഏല്പിക്കുകയുണ്ടായി. ആത്മകഥ മരണാനന്തരം ഉടനേയും രഹസ്യക്കത്തുകൾ മുപ്പതു വർഷത്തിനു ശേഷവും പ്രസിദ്ധീകരിക്കണമെന്നാണു് ആസാദ് അനുശാസിച്ചിരുന്നതു്. അതനുസരിച്ചു് 'ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു' (ഇന്ത്യ വിൻസ് ഫ്രീഡം) എന്ന ആത്മകഥ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. വിവാദപരമായ നിരവധി രാഷ്ട്രീയ കാര്യങ്ങളടങ്ങിയിരുന്ന ആ ഗ്രന്ഥം പാർലിമെൻറിൽ ഒച്ചപ്പാടുതന്നെ സൃഷ്ടിക്കുകയുണ്ടായി. അതിൽ പല ഭാഗങ്ങളും നെഹ്റുവിനെ ആസാദ് നിശിതമായി വിമർശിച്ചിരുന്നു.

രഹസ്യക്കത്തുകളടങ്ങിയ കവർ കേന്ദ്രഗവണ്മെണ്ടിനെ കബീർ ഏല്പിക്കുകയും ഗവ: അതു് ഇന്ത്യൻ മ്യൂസിയത്തിൽ സൂക്ഷിക്കുകയും ചെയ്തുകയാണു്.

കഴിഞ്ഞവർഷം ആ കവർ കേന്ദ്രമന്ത്രി ഹുമയൂൺ കബീറും, മറെറ മന്ത്രിമാരും ചേർന്നു് തുറന്നു് പരിശോധിക്കുകയുണ്ടായി എന്നൊരു ശ്രുതരമായ ആരോപണം ന്യൂഡൽഹിയിലെ പത്രങ്ങളെല്ലാം പ്രസിദ്ധീകരിച്ചു. അതു നിഷേധിക്കുകൊ അതേകുറിച്ചു് എന്തെങ്കിലും അഭിപ്രായപ്രകടനം നടത്തുകൊ കബീറും മറെറ കേന്ദ്ര മന്ത്രിമാരും പതിവനുസരിച്ചു് മൌനം അവലംബിക്കുകയാണുണ്ടായതു്.

പക്ഷെ, ഇപ്പോൾ ആ രഹസ്യക്കത്തുകളിലെ വിവരങ്ങളും അല്ലാല്ലമായി എങ്ങിനെയോ പുറത്തുവന്നു തുടങ്ങിയിരിക്കുകയാണു്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ഡപ്യൂട്ടി പ്രധാനമന്ത്രിയും, അഭ്യന്തരവകുപ്പു മന്ത്രിയുമായിരുന്ന സർദാർ വല്ലഭായി പട്ടേലും ജവഹർലാൽ നെഹ്റുവും തമ്മിൽ നടന്ന ദീർഘമായ വിവാദങ്ങളുടെ ഗ്രന്ഥരൂപമായ അഭിപ്രായഭിന്നതകളാണു് രഹസ്യവിവരങ്ങളുടെ ഉള്ളടക്കമെന്നാണു് സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു്. ഈ വിവരങ്ങളിൽ ആസാദ് വളരെ ശക്തിയായി പട്ടേലിനെ ന്യായീകരിച്ചിരിക്കയാണെന്നും കരുതപ്പെടുന്നു.

കോൺഗ്രസ് പാർലിമെൻററി പാർട്ടിയിലെ തന്നെ പല അംഗങ്ങളും ഇതിനകം ഇതേകുറിച്ചു് സംശയങ്ങളുന്നയിച്ചു കഴിഞ്ഞിട്ടുണ്ടു്. എന്താണു് കത്തിലെ ഉള്ളടക്കം? രഹസ്യക്കവർ ഗവണ്മെണ്ടു് പൊട്ടിച്ചുവെന്നു് പറയുന്നതു് സത്യമാണൊ? എന്തുകൊണ്ടു് ഇക്കാര്യത്തിൽ കബീർ അത്മഗദ്ഗമായ മൌനം അവലംബിക്കുന്നു? ഏഴു വർഷത്തിനു് മുമ്പുതന്നെ കബീർ ഈ കവർ തുറന്നുനോക്കുകയുണ്ടായിയെന്നതു് വാസ്തവമാണൊ? അതിപ്രാധാന്യമർഹിക്കുന്ന ഈ പ്രശ്നത്തിൽ എന്തുകൊണ്ടു് ഗവണ്മെണ്ടു് മൌനമവലംബിക്കുന്നു? ഇതൊക്കെയാണു് മുഖ്യമായപോദ്യങ്ങൾ.

കേന്ദ്ര റെയിൽവെമന്ത്രി എസ്. കെ. പട്ടീലിൻറെ പ്രോത്സാഹനത്തോടെ ബോംബെയിൽനിന്നു് പ്രസിദ്ധീകരിക്കുന്ന 'മാച്ച് ഓഫ് ദി നേഷൻ' എന്ന ഇംഗ്ലീഷ് വാരികയാണിപ്പോൾ ഈ പ്രശ്നം വീണ്ടും ജനശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നതെന്നതും പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണു്.

.....

കൂട്ടനാടൻ പാടശേഖരങ്ങളിലൂടെ

ജോസഫ് പൂത്തറ (ജൂനിയർ)

അടുത്ത കാലത്തു കേരളത്തിലുണ്ടായ ഭക്ഷ്യക്ഷാമത്തിനൊരു പരിഹാരം കാണുന്നതിനുവേണ്ടി കഷ്കരിൽനിന്നും നവവത്സര ന്യായമായ ആവശ്യങ്ങളടങ്ങുന്ന നെല്ലു് മാറിവച്ചശേഷം, ബാക്കിവരുന്ന നെല്ലിന്റെ ഒരു ഭാഗം നിർബന്ധമായി മിതവും ന്യായവുമായ ഒരു നിശ്ചിതവിലക്കു് ഗവൺമെൻറിലേക്കു വഴി പാവപ്പെട്ട വക്കു് കർഡടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയാണു് ലെവി. ഇതിനെ അട്ടിമറിയ്ക്കുന്നതു് ആദ്യം പ്രഖ്യാപിച്ചതു് താഴെപ്പറയുംവിധമാണു്. രണ്ടേക്കറിൽ താഴെയുള്ള കർഷകരിൽനിന്നു്, നെല്ലൊഴുക്കുന്നില്ല രണ്ടിനും അഞ്ചിനും മദ്ധ്യേ ഏക്കർ കൃഷിചെയ്യുന്ന കഷ്കരിൽനിന്നും ഒരേക്കറിൽ കൂടുതലുള്ള ഓരോ ഏക്കറിനും ഒന്നേകാൽ കപിനൽ നെല്ലുവീതവും, 5നും-10നും മദ്ധ്യേ കൃഷിയുള്ളവരിൽനിന്നു് ഒരേക്കർ ഒഴികെ ബാക്കിയുള്ള ഏക്കറിൽ ആദ്യത്തെ അഞ്ചേക്കറിനു്, ഏക്കറിനു് ഒന്നേകാൽ കപിനൽ വീതവും ബാക്കിഏക്കറിനു്, ഏക്കറൊന്നിനു് 3കപിനൽ വീതവും, 10നും 15നും മദ്ധ്യേ കൃഷിയുള്ളവരിൽനിന്നും 1 ഏക്കർ കഴിച്ചു് 10 ഏക്കർവരെ ആദ്യത്തെ 5 ഏക്കറിനു് ഒന്നുകാൽ കപിനൽവീതവും ബാക്കി 10വരെ ഓരോ ഏക്കറിനും 3 കപിനൽ വീതവും, 10 ഏക്കറിൽ കൂടുതലുള്ള ഓരോ ഏക്കറിനും 4 കപിനൽ വീതവും ലെവി അളക്കണമെന്നാണു് ഗവണ്മെൻറ് നിർദ്ദേശം.

ലെവി അളന്നവർ വിസ്മരിക്കരുതു്

ലെവിയേ സംബന്ധിച്ചു് തീരുമാനിച്ചിട്ടുള്ള വളരെ അധികം കൂടിയാലോചനകൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടായി. അവസാനമായി ഗവണ്മെൻറ് അതിനുമേൽ ഒരു തീരുമാനമെടുത്തു. ഇടർന്നു പ്രഖ്യാപനമുണ്ടായി, കുട്ടനാടു് കഷ്കസംഘം പ്രസ്തുത പ്രഖ്യാപനത്തെ എതിർത്തു. പലവിധ കണക്കുകളും സംഘടിച്ചു ഉല്പാദിപ്പിക്കുന്ന നെല്ലു് സർക്കാർ പറഞ്ഞിടത്തോളം അളക്കാൻ അവർ വൈമുഖ്യം പ്രകടിപ്പിക്കുകയും, നിവേദനങ്ങളും, ഭീഷണികളും ഉയർത്തുകയും ചെയ്തു. കോൺഗ്രസ്സ് പ്രസിഡൻറിനോടും, പ്രധാനമന്ത്രിയോടും, ഭക്ഷ്യവകുപ്പുമന്ത്രി സുബ്രഹ്മണ്യത്തോടും അവർ പരാതി പ്പെട്ടു. ഒരു നിവേദകസംഘത്തെ ഡൽഹിയിലേക്കയച്ചു. വീണ്ടും ചർച്ചകൾ നടന്നു. പുതിയ ഗവണ്മെൻറ് ചാജ്ജേടുത്തു, കഷ്കപ്രമുഖരുടെ സമ്മർദ്ദവും, പരാതികളും മൂലം ഗവണ്മെൻറ് കുട്ടനാടു് സന്ദർശിച്ചു. പ്രഖ്യാപിച്ച അളവിന്റെ ½ ഭാഗം അദ്ദേഹം വെട്ടിക്കുറച്ചു. ആലപ്പുഴ ജില്ലയിലെ കഷ്കരിൽനിന്നും 10000 ടൺ നെല്ലു് കുറച്ചു തോമ്പെച്ചു് ലഭിക്കേണ്ടതിനു പകരം കിട്ടിയതു് വെറും 3900 ടണ്ണാണു്. കുട്ടനാടുപ്പെടാത്ത മറെറ ജില്ലകളുടെ സ്ഥിതിയും ഇതിൽനിന്നു് ഒട്ടും വിഭിന്നമല്ല. പാലക്കാടൻ കഷ്കരിൽനിന്നു് മാത്രമാണു് ഇതുലഭിച്ചതു്. പോലീസ് നേരുത്തിൽ അല്പം ഭീഷണികൂടി കലർത്തിയശേഷമാണു് കുറച്ചെങ്കിലും നെല്ലു് കിട്ടിയതു്. എന്നാൽ മലബാറിലെ പാലക്കാടൻ കൃഷിക്കാർ ഗവണ്മെണ്ടിന്റെ ആദ്യത്തെ പ്രഖ്യാപനത്തെ സാഗതം ചെയ്യുകയും, ഗവണ്മെണ്ടുമായി പൂർണ്ണമായ തോതിൽ സഹകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി സർക്കാരിൻറെ പ്രതീക്ഷയിലും കവിഞ്ഞ തോതിലുള്ള നെല്ലു് ലെവിയിനത്തിൽ അവിടെനിന്നും ലഭിച്ചു. അങ്ങനെ പാലക്കാടൻ കഷ്കരും കുട്ടനാട്ടിലെ പാവപ്പെട്ട കഷ്കരും ഇന്നു് രെത്തത്തിൽ പന്ധരവിഡ്ഢികളായിരിക്കുകയാണു്. നെല്ലളക്കാത്തകായൽ രാജാക്കന്മാർക്കെതിരെ ലവി നിയമം നടപ്പാക്കാനും സർക്കാരിനു് കഴിഞ്ഞിരുന്നെങ്കിൽ പതിനായിരങ്ങളുടെ പൊരിയുന്ന വയറിനു് അല്പമെങ്കിലും ആശ്വാസം നൽകിയേനെ.

യഥാർത്ഥ ലവി കിട്ടുമോ?

ചൂരിശ്ശൂണ നിയമത്തിന്റെ ആവിർഭാവത്തോടെ ഭൂപരിധി നിർണ്ണയം വന്നപ്പോൾ കുട്ടനാട്ടിലെ കായൽ രാജാക്കന്മാരിൽ ആരുടേയും കൈവശം മിച്ചഭൂമിയില്ലാത്ത ഒരു സ്ഥിതിവിശേഷമാണിന്നുള്ളതു്. വിശ്വസ്തരായ ആശ്രിതരുടേയും, മക്കളുടേയും, ബെനാമക്കളുടേയും പേരുകളിലെല്ലാം തന്നെ നിശ്ചിത ഏക്കർ ഭൂമി അവരിലായിതെതന്നെ പതിഞ്ഞ കിടക്കുകയാണു്. പല പേരിലുള്ള കൃഷി ഭൂമിയുടെ വരുമാനം മുഴുവൻ വന്നുചേരുന്നതു്. ഓരുവെള്ളമാണു് ഒരു കൂട്ടത്തിലും യഥാർത്ഥത്തിൽ 100 ഏക്കർ കൃഷിഭൂമിയുള്ള കരമിൽനിന്നു കിട്ടാവുന്ന യഥാർത്ഥ ലെവിയുടെ 50 ശതമാനം പോലും ഇന്നു സാഹചര്യത്തിൽ കിട്ടാൻ സാദ്ധ്യതയില്ല. യഥാർത്ഥ ലെവി കിട്ടാനുള്ള എന്തെങ്കിലും നടപടിക്രമം സ്വീകരിക്കുവാൻ സർക്കാരിനു കഴിയുമോ എന്നുള്ളതാണു് ചിന്തിക്കേണ്ടതു്. കിട്ടും എന്നതന്നെ വന്നാൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാർ അതു ജാഗ്രതയോടെ അപ്പുറങ്ങളും കുളപ്പുറങ്ങളും പോലീസ് സഹായത്തോടെ പരിശോധന നടത്തുമോ? അതിനുള്ള സൌജന്യങ്ങൾ ലഭിക്കുന്നതിനു വേണ്ടി ഒരു കണക്കും, ലെവിക്കുവേണ്ടി മറെറാരു കണക്കും ഹാജരാക്കുന്നവരാണിവിടത്തെ കായൽപ്രമുഖന്മാർ. വെള്ളം വറ്റിക്കുന്നതിനുവേണ്ടി ഏക്കറൊന്നിനു് ചിലവാകുന്ന തുകയുടെ 50 ശതമാനം കിട്ടുന്ന പമ്പിംഗ് സബ് സിഡിക്കുവേണ്ടി കൊടുത്ത കണക്കുവെച്ചുകിലും ഉദ്യോഗസ്ഥന്മാക്ക ലെവി ഈടാക്കരുതോ? അതിനു വലിയ പ്രയാസമില്ലല്ലോ? രണ്ടു കണക്കുകളും സക്കാരിന്റെ കൈവശമുണ്ടു്. വസ്തുനാപരമായി വർഷങ്ങളായി സബ്സിഡി വാങ്ങിയിട്ടുള്ളതെങ്കിലും സക്കാരിനിടക്കുതോ? ആ കള്ളക്കണക്കുകാരുടെമേൽ നടപടിയെടുക്കുമോ? പക്ഷേ ഉദ്യോഗസ്ഥന്മാർ ജന്മിമാരുടെ പാവകളാണു്.

സർക്കാരിൽനിന്നും കർഷകനനുഭവിക്കുന്ന സൌജന്യങ്ങൾ

ശാസ്ത്രീയമായി കൃഷി നടത്തി പരമാവധി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ട എല്ലാ സൌകര്യങ്ങളും കഷ്കനിന്നും സർക്കാരിൽനിന്നും ലഭിക്കുന്നുണ്ടു്. സഹകരണസംഘം മുഖേനയുള്ള വർഷികവായ്പാ സൌജന്യം, നിലങ്ങളുടെ ചുറാം ബണ്ടു് നിർമ്മിക്കുന്നതിനുവേണ്ടി ലോൺ, വളം, വിത്തു്, പമ്പിംഗ് സബ്സിഡി, കാണ്ടു മാജ്ജിന്റെ കാര്യത്തിൽക്ക് ഗ്രാമസേവകർ, ഫീൽഡുമാന്മാർ, അഗ്രികൾച്ചറൽ അസിസ്റ്റൻറ്മാർ എന്നിവരിൽ നിന്നുള്ള സൌജന്യ ഉപദേശങ്ങളും, സൌജന്യനിരക്കിലുള്ള കാഷ്കോപകരണങ്ങളും, കക്ക, കുമ്മായം മുതലായവയുടെ വിതരണലാഭം, സൌജന്യനിരക്കിലുള്ള ഗവേഷണ ലാബറട്ടറികളിലെയും ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനുവേണ്

"ചുകപ്പനാടയിൽ" കുടുങ്ങിയ ഒരു രാജ്യ സഭാംഗത്തിന്റെ ദയനീയ കഥ

ന്യൂഡൽഹി, മേ. 21

രോഗബാധിതനായ ഒരു രാജ്യസഭാംഗം 'ചുവപ്പുനാട'യിൽ കുടുങ്ങിയതും യഥാർത്ഥ കാരവാളി വെളിച്ചത്തു വരാത്തതുമായ ഒരു സംഭവം തലസ്ഥാനനഗരിയിൽ ഇയ്യിടെ വെളിപ്പെട്ടിരിക്കുന്നു.

അടുത്തകാലത്ത് ഹോളണ്ടിൽവച്ച് രോഗബാധിതനായിത്തീർന്ന ജഗന്നാഥ് പ്രസാദ് പഹാരിയാണ് ഏതോ ഉദ്യോഗസ്ഥന്മാരുടെ നിരുത്തരവാദിതപ്രവർത്തനമാണ് തനിക്കു നേരിട്ട ഈ ദുരനുഭവത്തിനു കാരണമെന്നു കാണിച്ച് രാജ്യസഭാ ചെയർമാനു പരാതി നൽകിയിരിക്കുന്നത്.

ഹോളണ്ടിൽ ചികിത്സയ്ക്കുശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ പഹാരിയാജി ഉടൻതന്നെ ഡൽഹിയിലെ ഒരു പ്രമുഖ ആശുപത്രിയിൽ ചികിത്സയ്ക്കു വിധേയനായി. ഈ ചികിത്സയ്ക്കുവേണ്ടി അദ്ദേഹത്തിന് 1500 രൂപയോളം ചെലവായിരുന്നു. എന്നാൽ എയർഇന്ത്യാ അധികൃതരുടെ നിർദ്ദേശമനുസരിച്ച് ഈ തുക ഹോളണ്ടിലെ ഇന്ത്യൻ എംബസിയിൽ നിന്നും തിരിച്ചുവാങ്ങുന്നതിനുവേണ്ടി അദ്ദേഹം ഹേഗിലെ ഇന്ത്യൻ എംബസിയിലെ ഒന്നാംസെക്രട്ടറിയെക്കണ്ട് മറ്റൊരു സന്ദേശംകൂടി അയക്കാനാവശ്യപ്പെട്ടു. പഹാരിയെ രാജസ്ഥാനിൽനിന്നും ഇപ്പോൾ രാജസ്ഥാൻ മന്ത്രിസഭയിലെ ഒരംഗമായ കുംഭാരാമ ആര്യക്കുപകരംതിരഞ്ഞെടുക്കപ്പെട്ട ആളാണെന്നകൂടി വ്യക്തമാക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു.

അഞ്ചുദിവസത്തിനുശേഷം അദ്ദേഹത്തിനു പണമെന്നും ചെല്ലാനില്ലെന്ന് ന്യൂഡൽഹിയിൽ സന്ദേശം ലഭിച്ചതായി എംബസിയിൽനിന്നും അറിയിപ്പ് ലഭിച്ചു.

അനന്തരാജ്ഞ വിദ്യാർത്ഥിസമ്മേളന പ്രമേയത്തെപ്പറ്റി പാർലമെന്റിനായാണ് മി. പഹാരിയാ ഇവിടെ എത്തിയതു്. കെയറോയിൽ അദ്ദേഹം വി. കെ. കൃഷ്ണമേനോനെമൊത്താണ് സൾശനത്തിലേർപ്പെട്ടതും.

ഏപ്രിൽ 7-നു തന്നെ ലെയ്സനിൻ (ഹോളൻറ്) വച്ച് രോഗബാധിതനായിത്തീർന്ന എം. പി. യെ. അദ്ദേഹത്തിന്റെ പഴയ സുഹൃത്തായ ഒരു ഡച്ചുകാരനായ വിദ്യാർത്ഥിസമ്മേളന പ്രമേയകരും സഹായിച്ചിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ നില 'ഏറ്റവുംകഷ്ടമായിത്തീർന്നേനെ.

മേയ് 17 നു തന്നെ ന്യൂഡൽഹിയിൽ തിരിച്ചെത്തിയ രോഷാകുലനായ പഹാരിയാ നേരെ രാജ്യസഭാസെക്രട്ടേറിയേറ്റിലേക്ക് ഇടപാടുകാരനായി നടന്ന അവൻസുകയിൽ അദ്ദേഹത്തിന് 1500 രൂപയോളം ചെലവായിരുന്നു. എന്നാൽ എയ്യുംപിച്ചിരുമായി തോന്നിയതു് സെക്രട്ടേറിയറിൽ അപ്പോൾ ഔദ്യോഗികമായ സന്ദേശവും ലഭിച്ചിരുന്നില്ലെന്നുള്ള വിവരമാണ്.

തനിക്ക് രോഗത്തിൽനിന്ന് വിമുക്തനാകാൻ അധികകാലം വേണ്ടിവന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ തനിക്കുണ്ടായ മാനസിക ഞെട്ടലിൽനിന്നും ഏതോനിസ്സാരവകുപ്പിലായ ഉദ്യോഗസ്ഥനിൽനിന്നും തനിക്കനുഭവപ്പെട്ട സംഭ്രാന്തിയിൽനിന്നും താനിനിയും മോചിതനായിട്ടില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ആരാണ് 'യഥാർത്ഥപ്രഭു' യെന്ന് അദ്ദേഹത്തിനറിവില്ല.

ഒരു പാർലമെന്റ് അംഗത്തിന് ഈ പൈതൃകാവകാശം ലഭിക്കുന്നതുകൊണ്ട് ഒരു വിദേശരാജ്യത്തുപോലും സാധാരണക്കാരനായ ഇന്ത്യക്കാരനേക്കാൾ ഗതി എന്നായിരിക്കുമെന്നു അദ്ദേഹം ചോദിച്ചു.

കേരളത്തിലെ ആളോഹരിവരുമാനം ഇന്ത്യയിലെ ആളോഹരി വരുമാനത്തിലും 43 ക. താഴെ നില്ക്കുന്നു

വ്യവസായികരംഗത്തും കേരളം പിന്നണിയിൽതന്നെ

കേരളത്തിലെ വ്യവസായിക മേഖലയുടെ വളർച്ചയുടെ തോതു് ദേശീയ നിലവാരത്തിലും വളരെ താഴെയാണെന്നു് കേരളത്തിന്റെ മൂന്നാം പഞ്ചവത്സരപദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ചുള്ള ഔദ്യോഗിക റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

വിദ്യുച്ഛക്തി ക്ഷാമം മൂലവും. അസംസ്കൃതസാധനങ്ങൾ ശേഖരിക്കുന്നതിലുള്ള പ്രയാസങ്ങൾകൊണ്ടും, കഴിഞ്ഞ ഏതാനും വർഷങ്ങളായിവ്യവസായികോൽപ്പാദനരംഗത്തു് പുരോഗതി ഉണ്ടായിട്ടില്ലെന്നു് റവന്യൂ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

മൂന്നാം പഞ്ചവത്സര പദ്ധതികാലത്തു് ഇന്ത്യയിലെ ആളോഹരിവരുമാനം 333 രൂപയാകുമ്പോൾ കേരളത്തിലേതു് 290 രൂപയെ ആകുകയുള്ളുവെന്നും കണക്കാക്കപ്പെടുന്നു.

മൂന്നാംപദ്ധതിയുടെ ആദ്യത്തെ 3 വർഷം ഇന്ത്യയിലെ ദേശീയ വരുമാനത്തിൽ പൊതുവെ 9.56 ശതമാനം വർദ്ധനവുണ്ടായി. ഇതു് കേരളത്തിൽ അഭിലഷണീയം നിലവാരത്തോടൊപ്പം വരുമെന്നു് കണക്കാക്കുന്നു.

സംസ്ഥാനത്തിന്റെ പ്ലാൻ കൊണ്ടുമാത്രം റീജിയണൽവരുമാനവർദ്ധനവു് പ്രതീക്ഷിക്കുന്നതു ഉണ്ടാക്കാൻ കഴിയുകയില്ലെന്നു റിപ്പോർട്ടു് ചൂണ്ടിക്കാണിക്കുന്നു. ഈ വർദ്ധനവ് കേന്ദ്ര-സഹായനിക്ഷേപങ്ങളെ ആശ്രയിച്ചിരിക്കുന്നു. നേരത്തെ ഉണ്ടായിരുന്ന പ്രതീക്ഷകൾക്കു വിപരീതമായിരുന്ന ഇതിന്റെ അനുഭവം കാർഷികരംഗത്തിലെ വർദ്ധനവ് വളരെ മന്ദഗതിയിലാണെന്നു റിപ്പോർട്ടു് ചൂണ്ടിക്കാട്ടുന്നു.

14173.21 കോടി രൂപയുടെ

മുതൽമുടക്കു്

സംസ്ഥാനഗവർമ്മെണ്ടു് മൂന്നാംപദ്ധതിക്കു് മൊത്തം 170 കോടി രൂപയാണു് വകകൊള്ളിച്ചിരുന്നതു്. എന്നാൽ പദ്ധതിയുടെ അവസാനമാകുമ്പോഴേക്കും 173.21 കോടി രൂപയുടെ മുതൽമുടക്കു് വേണ്ടിവരുമെന്നു റിപ്പോർട്ടു് ചൂണ്ടിക്കാണിക്കുന്നു. പദ്ധതിയുടെ ആദ്യത്തെ നാലുവർഷത്തേക്കു് ചെലവായതു് 131.57 കോടി രൂപയാണു്. മൂന്നാംപദ്ധതിയിൽ കേന്ദ്രത്തിന്റെ മുതൽമുടക്കു് 109.6 കോടി രൂപയാണു്. സംസ്ഥാനഗവർമ്മെണ്ടു് ഉണ്ടാക്കേണ്ട തുക 60.6 കോടി രൂപയാണു്. 1965-66 ലേക്കു പദ്ധതിക്കുവേണ്ടി 41.64 കോടി രൂപ നീക്കിവെച്ചിട്ടുണ്ടു്. ഇനി കേരളത്തിൽ നിന്നു് 23.90 കോടി രൂപ കിട്ടുമെന്നു് റിപ്പോർട്ടിൽ പ്രത്യേകം പ്രകടിപ്പിക്കുന്നു. 1965-66ൽ സംസ്ഥാനഗവർമ്മെണ്ടു് 12.74 കോടി രൂപ പിരിച്ചെടുക്കേണ്ടതായുണ്ടു്.

80 ശതമാനം മാത്രം

കാർഷിക രംഗത്തേയ്ക്കും വ്യാവസായിക രംഗത്തേക്കുമായി നീക്കിവെച്ചിട്ടുള്ള തുകയിൽ 80 ശതമാനം മാത്രമേ പദ്ധതിക്കാലത്തു ചിലവാക്കപ്പെടുകയുള്ളുവെന്നു റിപ്പോർട്ടിൽ പറയുന്നു.

റിപ്പോർട്ടു് ഇങ്ങനെ തുടരുന്നു:

കാർഷികപരിപാടികൾക്കായി മൂന്നാംപദ്ധതിയിൽ 31.71 കോടി കയാണു് വകകൊള്ളിച്ചിരുന്നതു്. ഇതിലെ ഫൈനാൻഷ്യൽ അച്ചീവ്മെൻറ് 25.24 കോടി രൂപയായിരിക്കും.

അരിയുല്പാദനം 14.38 ലക്ഷം ടണ്ണാണു് ലക്ഷ്യം. ഇതിൽ 13.50 ലക്ഷം ടൺ മാത്രമേ നേടാൻ കഴിയൂ.

ജലസേചനം

ജലസേചനപദ്ധതി ലക്ഷ്യത്തിലെത്തുകയില്ല. 140000 ഏക്കർ സ്ഥലത്തു് ജലസേചനം നടത്തുകയാണു് ലക്ഷ്യം. പക്ഷെ 59000 ഏക്കർ സ്ഥലത്തുമേ ജലസേചനം നടത്താൻ കഴിയുകയുള്ളു. ഈ പദ്ധതിയിൽ 11.42 കോടി രൂപ മുടക്കാനാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ മുടക്കുന്ന തുക ഏകദേശം 9 കോടി രൂപയായിരിക്കും.

വിദ്യാഭ്യാസം

6 വയസ്സിനും 11 വയസ്സിനും ഇടയ്ക്കുള്ള വിദ്യാർത്ഥികൾക്കു നിർബ്ബന്ധിത വിദ്യാഭ്യാസം നൽകുവാനാണു് 3-ാം പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളതു്. പദ്ധതിയുടെ ആദ്യത്തെ 4 വർഷക്കാലത്തു് 332 ലോവർ പ്രൈമറിസ്കൂളുകളും ആരംഭിക്കുകയും 5551 അദ്ധ്യാപകരെ നിയമിക്കുകയുംചെയ്യു. മൂന്നാംപദ്ധതി തീരുമാനിക്കുന്നതിനുമുമ്പു് ലക്ഷ്യംനേടാൻ കഴിയുന്നതാണു്.

270 യു. പി. സ്കൂളുകളും തുറക്കാനാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ ആദ്യത്തെ 4 വർഷത്തിനകം 666 യു പി സ്കൂളുകളും അനുവദിച്ചു. പദ്ധതിയുടെ അവസാനം 12 വയസ്സിനും 16 വയസ്സിനും ഇടയ്ക്കുള്ള 9.48 ലക്ഷം കുട്ടികൾക്കും യു. പി. സ്കൂളുകളിൽ ഉണ്ടാവും. മൂന്നാം പദ്ധതി തീരുമ്പോൾ 14-നും 17-നും ഇടയ്ക്കുള്ള 3.90 ലക്ഷം വിദ്യാർത്ഥികൾക്കും ഉണ്ടാവുമെന്നു് കണക്കാക്കുന്നു.

വിദ്യാർത്ഥികൾക്കുള്ള ബസ്സ് സൗജന്യം തട്ടിക്കിഴിക്കാൻ ആലോചന

ടാൻ: കോപ്പറേഷൻ പുത്തരിയിൽ കല്ലുകടിക്കുമോ?

സ്വ. ലേ. തിരുവനന്തപുരം, മെ. 20

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ വിദ്യാർത്ഥികൾക്കു് ഇന്നു അനുവദിച്ചിട്ടുള്ള 55 ശതമാനം സൗജന്യം 50 ശതമാനമായി കുറയ്ക്കുവാൻ റോഡ്ട്രാൻസ്പോർട്ടു് കോർപ്പറേഷൻ ആലോചിച്ചുവരുന്നതായാണു് ഇവ്വർത്തമാനം. ഇതുസംബന്ധിച്ചു് കോർപ്പറേഷൻ ആലോചിക്കുന്നുണ്ടു്. വിദ്യാർത്ഥികൾക്കുമാത്രമായി അനുവദിച്ചിട്ടുള്ള ഈ സൗജന്യം ഉപയോഗപ്പെടുത്തുന്നതായുള്ള നിരവധി ഉദാഹരണങ്ങൾ കോർപ്പറേഷന്റെ ശ്രദ്ധയിലു് വിഷയം വേണ്ടവിധം പഠിക്കുകയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ടു്. ഇതുസംബന്ധിച്ചു് കോർപ്പറേഷൻ ശ്രമിക്കുന്നതാണു്.

വിദ്യാർത്ഥികളുടെ സൗകര്യത്തിനുവേണ്ടിയാണു് സൗജന്യം നടപ്പാക്കുന്നതെന്നുള്ളതു് ഒരു വസ്തുതയാണു്. എന്നാൽ ആ സൗജന്യത്തിന്റെ 4 വർഷത്തിനകം 666 യു പി സ്കൂളുകളും അനുവദിച്ചു. പദ്ധതിയുടെ അവസാനം 12 വയസ്സിനും 16 വയസ്സിനും ഇടയ്ക്കുള്ള 9.48 ലക്ഷം കുട്ടികൾക്കും യു. പി. സ്കൂളുകളിൽ ഉണ്ടാവും. മൂന്നാം പദ്ധതി തീരുമ്പോൾ 14-നും 17-നും ഇടയ്ക്കുള്ള 3.90 ലക്ഷം വിദ്യാർത്ഥികൾക്കും ഉണ്ടാവുമെന്നു് കണക്കാക്കുന്നു.

കോർപ്പറേഷന്റെ സാമ്പത്തികനിലയെ ഞെരുക്കുന്നതിനെപ്പറ്റി ഇന്നലെ ചേർന്ന കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ ചർച്ചയുണ്ടായിരുന്നു. ഇതുകൂടാതെ ഇന്നലെ ചേർന്ന കൗൺസിൽ യോഗത്തിൽ ഇതുസംബന്ധിച്ചു് ഒരു പ്രമേയവും പാസ്സാക്കിയിട്ടുണ്ടു്. കോർപ്പറേഷൻ ആലോചിക്കുന്നതിനെപ്പറ്റി കൗൺസിലിൽ ചർച്ചയുണ്ടായിരുന്നുവെന്നാണു് ഇവ്വർത്തമാനം. ഇതുസംബന്ധിച്ചു് കൗൺസിൽ യോഗത്തിൽ

കേരളത്തിലെ എണ്ണവ്യവസായം സ്തംഭനത്തിൽ

ഓർഡ്വാഡികൾ മാക്കറോകൾ പിടിച്ചടക്കുകയാണെന്ന് സുലൈമാൻ സേട്ട്

ആലപ്പുഴ, മെയ്. 20

കേരളത്തിലെ എണ്ണവ്യവസായം, ബോംബെയിലെ എണ്ണവ്യവസായികളിൽനിന്നുള്ള അതിരൂക്ഷമായ മത്സരം നിമിത്തം ഒരു സ്തംഭനാവസ്ഥയെ നേരിട്ടുകൊണ്ടിരിക്കുകയാണെന്നും ഇവിടത്തെ ഓയിൽമില്ലുകൾ ലാഭകരമായി നടത്താൻ നിവൃത്തിയില്ലാതായി തീർന്നിരിക്കുകയാണെന്നും, ആലപ്പുഴ ഓയിൽമില്ലേഴ്സ് ആൻഡ് മെർച്ചന്റ്സ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. എ. ആർ. സുലൈമാൻസേട്ട് പ്രസ്താവിച്ചിരിക്കുന്നു.

ഈ സ്തംഭനത്തിന്റെ അടിയ്ക്കാരണം, ഉം നൽകിയാണ് അവർ വ്യാപാരമേഖ സ്ഥാനത്തെ കൊപ്രാ ഉല്പാദനത്തിൽ പ്രതി 1 ചുരുക്കണമെന്നും സേട്ട് ഉടൻ പറഞ്ഞു. സംസ്ഥാനത്തെ മില്ലുകാർ കൂടുതൽ ഭാഗവും ബോംബൈമില്ലുകൾ കൊപ്രാ വിലകൂടുതൽ എടുക്കുന്നതാണെന്നും ഉല്പാദനത്തിലേക്ക് സീലോൺ കൊപ്രാ ധാരാളമായി വരുന്നുണ്ട് എന്നാൽ അധ്വാനസൂകളും, ഉപകരണങ്ങ കൊടുത്തുവാങ്ങാൻ സാദ്ധ്യമല്ല. കേരാട്ടാ

എണ്ണകളൊന്നും

പിടിക്കാത്തതിന്റെ

നീർവീഴ്ച, തുമ്മൽ, നീരിറക്കം, ചുമ, ഏങ്ങൽ, തലവേദന, ഉറക്കക്കുറവ് തുടങ്ങിയവക്കവേണ്ടി തലയിൽ തേച്ചുനോക്കിയിട്ടുള്ള എണ്ണകളൊന്നും ഫലിക്കാത്തതിന്റെ)

കാരണങ്ങൾ

തലച്ചമ്പു, അർശസ്സ്, ഗ്യാസ്ട്രബ്ൾ, ഉഷ്ണാധിക്യം, മെലിച്ചിൽ, അമിത സ്ലിപ്പിംഗ് എന്നിവയാകുന്നു.

ഇതായതു് ഇവയെ ശമിപ്പിക്കുന്നതിനുള്ള ചികിത്സകൂടി ചെയ്യുന്നതിനുള്ള കാലതാമസം ശിരസ്സിൽ തേക്കുന്ന എണ്ണയുടെ-തൈലത്തിന്റെ-പൂർണ്ണഗുണം അനുഭവപ്പെടുന്നതുവരെയുള്ള സമയം. കൂടുതൽ വിവരങ്ങൾക്ക് ഓൺസ് സെയിൽസ് ഡിപ്പോകൾ (തിരുവനന്തപുരം-സ്റ്റാച്ച്യൂ റോഡ്, കോട്ടയം-പുളിമൂട്ടിൽ കവല, ആലപ്പുഴ-ബോട്ടുജെട്ടിക്കുസമീപം, എറണാകുളം-കാനൻഷെഡ് റോഡ്, തൃശൂർ-മുൻസിപ്പൽ ആഫീസ് റോഡ്, കോഴിക്കോട്-മിഠായിതെരുവ്, തലശ്ശേരി-മിഷ്യൻ സ്ട്രീനു സമീപം, കണ്ണൂർ-കാംബസാർ ഈസ്റ്റ്) സന്ദർശിക്കുകയോ, കാളൻസ് ഓർജൻസികളെ സമീപിക്കുകയോ, താഴെകാണുന്ന വിലാസത്തിൽ എഴുതുകയോ ചെയ്യുക.

കാളൻ, നെല്ലായി S. INDIA

No. S. 4493/65

SHORT TENDER NOTICE

മണ്ണുത്തി വെറ്ററിനറി കോളേജിലേയ്ക്ക് 1965-66-ാമത്തേയ്ക്ക് ആവശ്യമുള്ള അടിയിൽ വിവരിക്കുന്ന സാധനങ്ങൾ താഴെപ്പറയുന്ന അളവിൽ കോളേജിൽ തന്നെയുള്ള ടർഘാസ്സാം 1965 മേയ്മാസം 31-ാംനു- പകൽ 3 മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതാണ്.

ടെണ്ടർ ഫോറം ഈ ആഫീസിൽനിന്നും പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 1 മണിവരെ സൗജന്യമായി കിട്ടുന്നതാണ്.

ഉദ്ദേശം ആവശ്യമുള്ള സാധനങ്ങൾ

1)	Wheat flour	870 kg.
2)	Skin Milk powder	265 kg.
3)	Whole milk powder	290 kg.
4)	Yeast	15 kg.
5)	Calcium Corbonate	8 kg.
6)	Sodium Chloride	8 kg.
7)	Liver (Beaf)	75 kg.

ഇതുസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നേരിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

Office of the Principal, Kerala Veterinary College, Mannuthy, dated 14-5-65

(Sd) For PRINCIPAL

മുനിസിപ്പാൽ ആഫീസ്,
തൃശ്ശൂർ, 19-5-1965.

പരസ്യം

തൃശ്ശിവപേരൂർ മുനിസിപ്പാൽ ടൌൺ റോഡുകൾ കല്ല് വിരിക്കുന്നതിന് തയ്യാറാക്കിയ 28775/-രൂ യ്യുള്ള 18 എസ്റ്റിമേറകൾ പ്രകാരം നിരതദ്രവ്യത്തിന് നടത്തുന്നതിനും സീൽവെച്ച ടെണ്ടറുകൾ 1965 മേ 31-ാംനു- തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി മുനിസിപ്പൽ കമ്മീഷ്ണർ സ്വീകരിക്കുന്നതാണ്. ടി ടെണ്ടറുകളെ സംബന്ധിച്ച വിവരങ്ങൾ മുനിസ്സിപ്പൽ ആഫീസ്സിൽ അന്വേഷിച്ചാൽ അറിയുന്നതാണ്.

കമ്മീഷ്ണർ

DEVELOPMENT DEPARTMENT.

SHORT TENDER NOTICE

Sealed competative tenders are invited for the following work to be received upto 4 P. M on 6-6-1965. The Tender documents can be had from the office of the undersigned from 1-6-1965 on any working day during office hours and the sale of tender documents will be closed at 4 P. M on 9-6-1965. The tenders will be opened by the Block Development Officer at 4-30 P. M. on 10-6-1965. The work should be completed within Four months

	Name of work	Estimate P A. C.	Earnest money deposit.	Cost of tender document.
1.	Constructing a building of 5 class rooms to L. P. S. Kechery	Rs. 15031/-	Rs. 300/-	Rs 2 06
2.	Constructing a building of 4 class rooms to L. P. S. Korattikara.	Rs 12718/-	Rs. 255/-	Rs. 2.06

Stn. I Block. Chowannur,
Dated - 15-5-1965.

(Sd)
K. L. JOHN,
Block Development Officer.

ആലപ്പുഴ വാർത്തകൾ

[സ്വ. ലേ] ആലപ്പുഴ മെയ് 21.

ആലപ്പുഴ ജില്ലാവികസനസമിതിയുടെ അടുത്തയോഗം മേയ് 31-ാം തീയതി രാവിലെ 10 മണിക്ക് കലക്ടറേറ്റിലുള്ള കോൺഫറൻസ് ഹാളിൽവച്ചു ചേരുന്നതാണ്.

ആർ. ടി. എ. യോഗം

ആലപ്പുഴ ആർ. ടി. എ. യുടെഅടുത്തയോഗം മെയ് 24-ാം തീയതി രാവിലെ 11 മണിക്ക് കലക്ടറേറ്റിൽ വെച്ച് ചേരുന്നതാണ്.

ഹോംഗാർഡ്സ് റിക്രൂട്ട്മെന്റ്

ഹോംഗാർഡ്സ് ആലപ്പുഴ ജില്ലായൂണിറ്റിൽ ഏതാനും വാളണ്ടിയർമാരുടെ കുറവുകൂടി ഉണ്ടെന്നും പ്രസ്തുത കുറവുകളിൽ നിയമിക്കപ്പെടാനാഗ്രഹിക്കുന്ന ആലപ്പുഴ ജില്ലയിലെ സ്ഥിരതാമസക്കാരായ ആളുകൾ ജൂൺ 15-ാം തീയതിക്കു മുൻപായി ജില്ലാ കമാൻഡന്റിനു് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നു ജില്ലാ ഹോംഗാർഡ്സ് ആഫീസ്സിൽ നിന്നു പ്രസ്താവിച്ചിട്ടുള്ളതായി പറയുന്നു. അപേക്ഷകർ 18നും 50നും മദ്ധ്യേ പ്രായമുള്ളവരും 3-ാം ഫാറം പാസ്സായവരും സ്വന്തമായി ഉപജീവനമാർഗ്ഗമുള്ളവരും നല്ല ആരോഗ്യവാന്മാരുമായിരിക്കണം. ഇതുസംബന്ധിച്ചുള്ള അപേക്ഷാഫോറങ്ങൾ ആലപ്പുഴ, ചേർത്തല, കുത്തിയതോട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, മാന്നാർ, പന്തളം, ചങ്ങനാശ്ശേരി, ഹരിപ്പാട് എന്നീ കേന്ദ്രങ്ങളിലെ ഹോംഗാർഡ്സ് ആഫീസർമാരിൽനിന്നോ ആലപ്പുഴയിലുള്ളആഫീസ്സിൽ കമാണ്ടിൻറിന്റെ ആഫീസ്സിൽ നിന്നോ ലഭിക്കും.

ആലപ്പുഴ ആർ. ഡി. ഒ.

ആലപ്പുഴ ജില്ലാ കലക്ടറുടെ പേഴ്സനൽ അസിസ്റ്റന്റായി നിയമിക്കപ്പെട്ട ശ്രീ എൻ. സി. സുരേന്ദ്രൻ ചാജ്ജെടുത്തിരിക്കുന്നു. ശ്രീ എൻ. ഡി. സുരേന്ദ്രൻ അദ്ദേഹത്തിനു പകരം നിയമിക്കപ്പെട്ടിട്ടുള്ളആലപ്പുഴ ആർ. ഡി. ഒ.യുടെ ചാർജ്ജുകൂടി വഹിക്കുന്നതാണ്.

[സ്വ. ലേ]

പരിമിതവുമാണ്. ഉള്ളതു് ആവശ്യത്തിനു മതിയാവുകയുമില്ലെന്നദ്ദേഹം വ്യക്തമാക്കി.

സ്റ്റോറേ ടേഡിംഗ് കോർപ്പറേഷൻ വഴിയായി നിശ്ചയിച്ചിട്ടുള്ള സിലോൺ കൊപ്രയ്ക്കു ടണ്ണിനു് 400 രൂപ എന്ന നിരക്കു് നീക്കം ചെയ്യേണ്ടതാണു്. അതു സാദ്ധ്യമല്ലെങ്കിൽ നിരക്കവർദ്ധനയെങ്കിലും ചെയ്യേ മതിയാവു സിലോൺ കൊപ്രയുടെ കോടായിൽ കേരളത്തിനു് കൂടുതൽ അലോട്ടുമെൻറ് നൽകേണ്ടതുമാണു്.

കഴിഞ്ഞ മൂന്നുമാസങ്ങളായി കേരളത്തിലെ മില്ലുകാരും മിക്കവാറും പ്രവർത്തനമില്ലാതെയാണു കിടക്കുന്നതു്.

സ്റ്റോറിൽ ഏതാണ്ടു് 1000 ടൺ കായിൽ മില്ലുകളിലായി 40000ത്തോളം പേർ തൊഴിൽ ചെയ്യുന്നുണ്ടെന്നും, അവരുടെ സ്ഥിതി പരിതാപകരമായി തീർന്നിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

താൻ കഴിഞ്ഞ ചൊവ്വാഴ്ച ഗവർണ്ണറെ സന്ദർശിച്ചു് ഈ ഉർഘടാവസ്ഥ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും ഗവർണ്ണർ വേണ്ടതു ചെയ്യാമെന്നു് ഉറപ്പുനൽകിയിട്ടുണ്ടെന്നും മി. സേട്ട് വെളിപ്പെടുത്തി.

....

ദേശീയ സമ്പാദ്യപദ്ധതിയിൽ 16.72 ലക്ഷം രൂപ ലഭിച്ചു

ആലപ്പുഴജില്ലയിലെ പ്രവർത്തനം

ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽനിന്നു ദേശീയ സമ്പാദ്യപദ്ധതിയിലേയ്ക്കു് മൊത്തം 16,72,000 രൂപാ പിരിച്ചെടുത്തിട്ടുള്ളതായി ജില്ലാകലക്ടറേറ്റിൽനിന്നുള്ള ഒരറിയിപ്പിൽ പറയുന്നു. ഈ സാമ്പത്തിക വർഷത്തിൽ മൊത്തം 32 ലക്ഷം രൂപാ പിരിച്ചെടുക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടു്.

....

വാർഷികാഘോഷം

[സ്വ. ലേ.] പറവൂക്കര മേ. 20 ഇവിടേക്കുള്ള തൊട്ടിപ്പാലം ഭാരത് തിയറേഴ്സിന്റെ വാർഷികം അടുത്ത ഞായറാഴ്ച നടത്തപ്പെടുന്നതാണു്. അതുസംബന്ധിച്ചുചേരുന്ന യോഗത്തിൽ ശ്രീ. നാരായണൻകർത്താ ബി. എ. ബി ടി. അദ്ധ്യക്ഷം വഹിക്കുന്നതാണു് യോഗനന്തരം 'നീ എന്നെ മനുഷ്യനാക്കി' എന്നു സാമൂഹ്യനാടകവും ഉണ്ടായിരിക്കും.

....

ഇന്ത്യൻസംഘം ആദ്യമായി എവറസ്റ്റ് കീഴടക്കി

രാഷ്ട്രപതി, പ്രധാനമന്ത്രി, കൃഷിമന്ത്രിമാർ എന്നിവരുടെ അഭിനന്ദനങ്ങൾ

ഇന്നു് ഒരു ശ്രമംകൂടി നടത്തും

[പി ടി ഐ] ന്യൂഡെൽഹി മേ. 21

ലഫ്. കമാണ്ടർ എം. എസ്. കോഹ്ലിയുടെ നേതൃത്വത്തിലുള്ള ഒരു ഇന്ത്യൻ പർവ്വതാരോഹകസംഘം ഇന്നലെ രാവിലെ 9-30നു് 29028 അടി ഉയരമുള്ള എവറസ്റ്റ് കൊടുമുടി കയറിയിരിക്കുന്നു. ഈ കൊടുമുടിയിലെത്തുന്ന ആദ്യത്തെ ഇന്ത്യൻ സംഘമാണിതു്.

സംഘത്തിൽ 19 പേർ ഉണ്ടായിരുന്നെങ്കിലും രണ്ടുപേർ മാത്രമാണ് കൊടുമുടിയിലെത്തിയതു്. ക്യാപ്റ്റൻ എ. എസ്. ചിമായും നവാങ് ഗോമ്പുവും. കൊടുമുടിയിൽ ഇന്ത്യൻ പതാകയും നേപ്പാളിസ് പതാകയും നാട്ടി അവർ വിജയമാഘോഷിച്ചു. മുമ്പ് അമേരിക്കൻ പർവ്വതാരോഹകർ അവിടെ ഇട്ടുപോന്ന നാലടി നീളമുള്ള ഒരു വടിയിന്മേലാണ് അവർ പതാക കെട്ടിയതു്.

ഡാർജിലിങ്ങിലുള്ള ഹിമാലയൻ പർവ്വതാരോഹക ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഇൻസ്ട്രക്ടറും എവറസ്റ്റ് ജേതാവായ ടെൻസിങ്ങ് നോർഗേയുടെ ഒരു സ്യാലനുമാണ് നവാങ് ഗോമ്പു.

കൊടുമുടിയിൽ ചിലവഴിച്ച അരമണിക്കൂർ സമയംകൊണ്ട് അവർ അനവധി ഫോട്ടോകൾ എടുത്തു നവാങ്ഗോമ്പു എവറസ്റ്റ് കൊടുമുടി കയറുന്നതു് ഇതു് രണ്ടാമത്തെ തവണയാണ്. ആദ്യം 1963ൽ ഒരു അമേരിക്കൻ പർവ്വതാരോഹകസംഘത്തോടൊപ്പം അദ്ദേഹം എവറസ്റ്റ് കയറുകയുണ്ടായി. ക്യാപ്റ്റൻ ലേയ്ക്കുള്ള മടക്കയാത്രയിൽ അവർ ശക്തിയായ കാറ്റിൽ പെട്ട. 27930 അടി ഉയരത്തിലായിരുന്ന ഈ ക്യാമ്പ്. ഇതുയും ഉയരത്തിൽ ഇതുവരെ ഒരൊറ്റ പർവ്വതാരോഹകസംഘവും ക്യാമ്പടിച്ചിട്ടില്ല, എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന ആദ്യത്തെ രാഷ്ട്രമാണ് ഇന്ത്യ.

അഭിനന്ദനങ്ങൾ

രാഷ്ട്രപതി രാധാകൃഷ്ണൻ, പ്രധാനമന്ത്രി ശാസ്ത്രി, രാജ്യരക്ഷാമന്ത്രി ചവാൻ എന്നിവരും മറ്റു് ക്യാബിനാറ്റ് മന്ത്രിമാരും ഈ എവറസ്റ്റ് ജേതാക്കളെ അഭിനന്ദിച്ചു. ഈ പുതിയ വിജയം തികച്ചും ഒരു ഇന്ത്യൻ ശ്രമമായതുകൊണ്ടു് കൂടുതൽ ആനന്ദപ്രദമാണെന്നു് രാഷ്ട്രപതി പറഞ്ഞു. ജേതാക്കളെ അദ്ദേഹം ഏടുയേംഗമമായി അഭിനന്ദിച്ചു. 'രാഷ്ട്രം അവരിൽ അഭിമാനംകൊള്ളുന്നു.'

ഈ വമ്പിച്ച നേട്ടംവഴി ഇന്ത്യ കൂടുതൽ മഹത്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നു് ശാസ്ത്രി പറഞ്ഞു. 'രാഷ്ട്രത്തിനു് അവർ അഭിമാനം നേടിത്തന്നിരിക്കുന്നു.'

ജേതാക്കളെ അഭിനന്ദിച്ചുകൊണ്ടു് രാജ്യരക്ഷാമന്ത്രി ചവാൻ, ആഭ്യന്തരമന്ത്രി നന്ദ, പ്രക്ഷേപണവകുപ്പുമന്ത്രി മിസ്സിസ് ഇന്ദിരാഗാന്ധി, വിദ്യാഭ്യാസമന്ത്രി മഹ്മ, കാശ്മീർ മുഖ്യമന്ത്രി സാദിക്ക്, നേപ്പാളിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ മന്നാരായൻ, നേപ്പാൾ വിദേശകാര്യമന്ത്രി കീർത്തിനിധി എന്നിവരും സന്ദേശങ്ങളയച്ചു.

ഒരു ഇന്ത്യൻ പർവ്വതാരോഹകസംഘം എവറസ്റ്റ്കൊടുമുടി കയറുന്നതു് ഇതാദ്യമായിട്ടാണ്. 1960-ൽ ബ്രിഗേഡിയർ ഗുരൻസിങ്ങിന്റെ നേതൃത്വത്തിലും 1962-ൽപരേതനായമേജർജോൺ ഡയസിന്റെ നേതൃത്വത്തിലും നടത്തിയ രണ്ടു് ഇന്ത്യൻ പർവ്വതാരോഹണശ്രമങ്ങളും പരാജയപ്പെടുകയുണ്ടായി.

തങ്ങളുടെ മൂന്നു പർവ്വതാരോഹണക്കാർ ടിബറൻ ഭാഗത്തുകൂടി എവറസ്റ്റ് കയറുകയുണ്ടായെന്ന് 1960-ൽ ചൈന അവകാശപ്പെടുകയുണ്ടായി. പക്ഷേ, ചൈനയുടെ ഈ അവകാശവാദത്തെ പല പാശ്ചാത്യപർവ്വതാരോഹണക്കാരും സംശയിക്കുന്നുണ്ടു്.

ബ്രിട്ടീഷുകാരാണ് ആദ്യം എവറസ്റ്റ് കൊടുമുടി കയറിയതു്. സർ ജോൺഹണ്ടിന്റെ നേതൃത്വത്തിലുള്ള ബ്രി. സംഘത്തിലെ സർ എഡ്മണ്ട് ഹിലരിയും ഷെർപ്പാ ടെൻസിങ്ങും 1953ൽഈ വിജയം നേടിയെടുത്തു.

പിന്നീടു് 1056-ൽ സ്വിസ്സുകാരും 1963-ൽ അമേരിക്കക്കാരും ഈ കൊടുമുടി കീഴടക്കി.

1852-ൽ ഇന്ത്യയുടെ സർവ്വേയർ ജനറലായിരുന്ന സർ ജോർജ് എവറസ്റ്റിന്റെ പേരിനോടനുബന്ധിച്ചാണ് ലോകത്തിലെ ഏറ്റവും വലിയ ഈ കൊടുമുടിക്ക് എവറസ്റ്റെന്ന നാമം സിദ്ധിച്ചതു്.

ഒരു ശ്രമംകൂടി

വിജയശ്രീലാളിതരായ ഇന്ത്യൻ പർവ്വതാരോഹകസംഘം എവറസ്റ്റ്കൊടുമുടി കയറാൻ വീണ്ടും ഒരു ശ്രമംകൂടി—ചിലപ്പോൾ നാളെത്തന്നെ— നടത്തുന്നതാണെന്നു് ഒരു ഔദ്യോഗികവക്താവ് ഇന്നു പ്രസ്താവിച്ചു.

സംഘത്തിലെ മാറ് രണ്ടംഗങ്ങളായിരിക്കും ഇനി കയറുന്നതു്. 26,200 അടി ഉയരമുള്ള സൌത്തു് കോളിൽ, അവർ ഇന്നലെ എത്തിയിട്ടുണ്ട്. 27,930 അടി ഉയരത്തിൽ ഇന്നു് അവർ അവരുടെ അവസാനത്തെ ക്യാമ്പ് സ്ഥാപിക്കും. അതിനുശേഷം മിക്കവാറും നാളെ എവറസ്റ്റിനെ ലക്ഷ്യമാക്കി യാത്രതിരിക്കും.

—

ബ്രി. പ്രധാനമന്ത്രി ഇന്ത്യ സന്ദർശിക്കുന്നു

(എ. എഫ് പി) ലണ്ടൻ മേ. 21

ഈ വർഷം ഇന്ത്യ, പാകിസ്ഥാൻ, മലയേഷ്യ എന്നീ രാഷ്ട്രങ്ങൾ സന്ദർശിക്കുന്നതിനുള്ള ക്ഷണം താൻ സ്വീകരിച്ചിട്ടുണ്ടെന്നു് ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസൺ ഇന്നലെ അറിയിച്ചിരിക്കുന്നു.

....

കേരളത്തിലെ കമ്പനികൾക്കു് പിഴിഞ്ഞു കിട്ടിയ മൂലധനം 48 ലക്ഷമായി ഉയർന്നുവെന്നു്

എറണാകുളം, മെയ് 21

കേരളത്തിലെ കമ്പനികളുടെ മൊത്തം പിഴിഞ്ഞെടുത്തിയ മൂലധനം 1965 ഏപ്രിലിൽ 4871210ക. കണ്ടു് വർദ്ധിക്കുകയുണ്ടായി.

മൊത്തം 2860100ക. പിരിഞ്ഞെടുത്തിയ മൂലധനമുള്ള രണ്ടു് സ്വകാര്യകമ്പനികളും കാഹൗമൂലധനമില്ലാത്ത ഒരു ഗാരണ്ടികമ്പനികളും റിപ്പോർട്ടുകാലത്തു് ലിക്വിഡേഷനിലായി. പ്രവർത്തനരഹിതമായ മൂന്നു സ്വകാര്യകമ്പനികളുടെ മൊത്തം പിരിഞ്ഞെടുത്തിയ മൂലധനം 1,27,000ക. പേരു് റജിസ്റ്ററിൽ നീക്കപ്പെട്ടു. 50,000ക. പിരിഞ്ഞെടുത്തിയ മൂലധനമുള്ള ഒരു സ്വകാര്യകമ്പനി ഏപ്രിലിൽ പിരിച്ചുവിടപ്പെട്ടു.

വാർഷിക കണക്കുകളും ബാക്കി പത്രങ്ങളും സമർപ്പിക്കാഞ്ഞതിനു് റിപ്പോർട്ടുകാലത്തു് മൂന്നു കമ്പനികളുടേയും അവയുടെ ഡയറക്ടർമാരുടേയും പേരിൽ നാലു കേസെടുത്തു. കണക്കു് സമർപ്പിക്കാത്തതിനു് ഒരു കമ്പനിയുടെ ലിക്വിഡേറ്ററേയും, കോടതിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്തതിനു് ഒരു കമ്പനിയുടെ ഡയറക്ടർമാരെയും പ്രോസിക്യൂട്ട് ചെയ്യുകയുണ്ടായി.

ഏപ്രിലിൽ കോടതി ഏഴു് കേസുകളിൽ വിധി പ്രസ്താവിച്ചു. പ്രതികൾക്കു മൊത്തം 430ക. പിഴയടയ്ക്കാൻ ശിക്ഷിക്കപ്പെട്ടു.

.....

നെല്ല് പാതി കല്ല് പാതി

കോട്ടയം, മെയ് 20

കോട്ടയം പട്ടണത്തിനു് സമീപമുള്ള ന്യായവിലക്കടകളിൽനിന്നും വിതരണംചെയ്യുന്ന നെല്ലിൽ നെല്ലിന്റെ അളവോളം മണലും കല്ലും ഉള്ളതായി ആക്ഷേപമുണ്ടായിരിക്കുന്നു.

പൊങ്ങലുള്ളു് ഒരു ന്യായവിലഷോപ്പിൽനിന്നും കൊടുത്ത 15 കിലോ നെല്ലിൽ 3 കിലോ 75 ഗ്രാം മണൽ ഉണ്ടായിരുന്നുവു് സംബന്ധിച്ചു് പൊങ്ങളം സ്വദേശികളായ ഏതാനും പേർ ഇന്നു ജില്ലാ മേലധികാരികൾക്കു പരാതികൊടുത്തു സമർപ്പിക്കുകയുണ്ടായി. നെല്ലിനോടൊപ്പം ഉണ്ടായിരുന്ന മണലും അവർ അധികാരികളെ കാണിക്കുകയുണ്ടായി. [സ്വ. ലേ]

—

വൈവാഹികം

ലിസി-താവുട്ടി

കാണിപ്പയ്യൂർ, മെ. 18

സ്ഥലത്തെ ഒരു പ്രമുഖവ്യാപാരിയും പൊതുകാര്യപ്രസക്തനുമായ സി. ഐ. ചോറപ്പന്റെ പുത്രി ശ്രീമതി ലിസിയും പനക്കൽ മുമ്മായുടെ പുത്രൻ താവുട്ടിയുംതമ്മിലുള്ള വിവാഹം ഇന്നലെ ചിറാഞ്ചേരി സെന്റ് മേരീസ് പള്ളിയിൽവെച്ചു് സമുചിതം നടത്തപ്പെട്ടിരിക്കുന്നു. വിവാഹസംബന്ധിച്ചു് കാണിപ്പയ്യൂരുള്ള വധുവിന്റെ വസതിയിൽവെച്ചു് നടത്തപ്പെട്ട വിവേസമുദായഡിന്നർപാർട്ടിയിൽ ഉദ്യോഗസ്ഥന്മാരുൾപ്പെടെ ഏതാനുമാളുകൾ സംബന്ധിച്ചിരുന്നു. വധൂവരന്മാർക്കു നിരവധി പാരിതോഷികങ്ങളും ആശംസാസന്ദേശങ്ങളും ലഭിക്കുകയുണ്ടായി.

.....

വാർഷികധ്യാനം സമാപിച്ചു

പമ്പാക്കളം, മേ. 21

സ്ഥലം കല്ലർക്കാട്ട ഫൊറോനാപ്പള്ളിയിലെ വാർഷികധ്യാനം ഇന്നു് അവസാനിച്ചിരിക്കുന്നു.

....

ഭീലായിൽ പുതിയഫർണസ് പ്രവർത്തിച്ചുതുടങ്ങി

ന്യൂഡൽഹി, മേ. 21

ഭീലായ് ഉരുക്കു നിർമ്മാണശാലയിലെ എട്ടാമത്തെ കാറ്റുൺഹാത്തു് ഫർണസു് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഭീലായ് ഫാക്ടറിയുടെ ഉത്പാദനശേഷി 25 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കുന്നതിനുള്ള വികസന പരിപാടിയനുസരിച്ചു് പ്രവർത്തനമാരംഭിക്കുന്ന ഇത്തരം രണ്ടാമത്തെ ഫർണസാണിതു്. ഒരു ദിവസം 1000 ടൺ ഉരുക്കു കട്ടി ഉത്പാദിപ്പിക്കുവാൻ ഈ ഫർണസിനു് കഴിയും. വികസന പരിപാടിയനുസരിച്ചു് ഇത്തരം രണ്ടു് ഫർണസുകൂടി സ്ഥാപിക്കുന്നതായിരിക്കും. ഇപ്പോൾ 150 ടൺ ഉത്പാദനശേഷിയുള്ള ഒരു ഫർണസിന്റെ ഉത്പാദനശേഷി 400 ടണ്ണാക്കി വർദ്ധിപ്പിക്കുന്നുമാണ്.

—o—

തിരുമുടി കമ്മറീ ഡിഫൻസുകമ്മറീ രൂപീകരിച്ചു

[പി ടി. ഐ) ശ്രീനഗർ മേ. 20

ജമ്മു-കാശ്മീർ സംസ്ഥാനത്തെ വിവിധ കേസുകളിലായി ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രീയപ്രവർത്തകർക്കു് നിയമസഹായം നൽകുന്നതിനായി, 'തിരുമുടി കർമ്മസമിതി', ഒരു പതിനാറംഗലീഗൽ ഡിഫൻസു് കമ്മറീയെ രൂപീകരിച്ചിരിക്കുന്നു.

ബാറാമുളയിലെ അഭിഭാഷകനും ജനാഹിതപരിശോധനാമുന്നണിയിലെ ഒരംഗവും ഷേക് അബ്ദുള്ളയുടെ ഒരു അടുത്ത കൂട്ടുകാരനുമായ മി. മുഖാറാക്ഷാ ഈ കമ്മറീയിലുണ്ടു്.

....

നെഹറുവിന്റെ ചരമദിനം ഏ. ഐ. ആറിന്റെ പരിപാടികൾ

എറണാകുളം, മെയ് 21

ജവഹർലാൽ നെഹ്റുവിന്റെ മൂന്നാം ചരമവാർഷികം പ്രമാണിച്ചു് ആൾ ഇന്ത്യാ റേഡിയോവിൻറെ തിരുവനന്തപുരം-കോഴിക്കോടു് നിലയം പല വിശേഷൽ പരിപാടികളും പ്രക്ഷേപണം ചെയ്യുന്നതാണു്.

നെഹ്റുവിന്റെ കൃതികളെ ആസ്പദമാക്കി സി. എച്ചു്. കുഞ്ഞപ്പ തയ്യാറാക്കിയ "നെഹ്റുവിന്റെ ലോകം" എന്ന ഫീച്ചർ മേയ് 26-ാംനു- രാത്രി 9.30-നു് കോഴിക്കോടു് നിലയം പല വിശേഷങ്ങൾകൊണ്ടും ഇന്ത്യയുടെ ശബ്ദം അനേകദശക്കാലം ഇന്ത്യയുടെ ശബ്ദമായിരുന്നതെങ്ങനെയെന്നു പ്രതിപാദിക്കുന്ന ഒരു പരിപാടി മേയ് 27 ാംനു- രാവിലെ ഏഴുമണിക്കു് പ്രക്ഷേപണം ചെയ്യപ്പെടും.

കൂടാതെ ഡെൽഹിയിൽനിന്നു് ഈ ദിവസങ്ങളിൽ വിവിധ പ്രത്യേക പരിപാടികളും റിലേ ചെയ്യുന്നുമാണു്.

....

തൃശൂർ മുനിസിപ്പാലിറ്റിക്കും ഒരു ഹെൽത്തു് ഡിപ്പാർട്ടുമെൻറുണ്ടു്!!

തൃശൂർ മെ. 21

തൃശൂർ ടൌണിന്റെ ഏതുഭാഗമായാലും രൌങ്ങിൽനിന്നും മാരാർ റോഡിൽകൂടി 50 വാര തെക്കോട്ടു് ഇറങ്ങിയാൽ മാരാർ റോഡിനേയും, സമാന്തരമായിക്കിടക്കുന്ന കരുപ്പുറോഡിനേയും ബന്ധിപ്പിക്കുന്ന ടാറിടാത്ത ഒരു റോഡുണ്ടു്. ഈ റോഡു് തൃശൂർ ടൌണിലെ സകലമാന അഴുക്കുകളുടേയും ചപ്പുചവറുകളുടേയും ഒരു കേന്ദ്രമെപ്പോയെന്ന നിലയിലേയ്ക്കു് 'ഉയർന്നിരിക്കയാണി'പ്പോൾ. ഈ റോഡു് മാരാർ റോഡിനോടു ചേരുന്ന ഭാഗത്തു് ഒരു ചവറുതൊട്ടി വെയ്ക്കുവാൻ ഏർപ്പാടുള്ളതായി അവിടെ കിടക്കുന്ന വലിയ വീപ്പകളാൽ ഊഹിക്കാം. സമീപമുള്ള അരഡസൻ ഹോട്ടലുകാർക്കും ഈ വീപ്പയോടു വലിയ കാരുണ്യമാണു്. രാത്രി 10 മണിയായാൽ ഈ ഹോട്ടലുകളിൽ നിന്നും കൊണ്ടുവരുന്ന അവശിഷ്ടങ്ങളുടെയും മറ്റു കുമ്പാരങ്ങളും വീപ്പയുമായി യാതൊരു സമ്പർക്കവും പാടില്ലെന്ന മട്ടിൽ റോഡിൽത്തന്നെ ഇട്ടുപോകുന്നതു് ഒരു പതിവായിരിക്കുന്നു തൊട്ടടുത്തു താമസിക്കുന്നവരുടെ കാര്യമാണു് ഏറ്റവും കഷ്ടം. രാത്രി 10 മണി കഴിഞ്ഞാൽ ഗുൽബന്ധ പോലുമില്ലാതെയിറങ്ങി നടക്കുവാനും അലക്കുവാനും പറ്റിയ ഒരു കടവെന്ന നിലയിലും ഈ റോഡ് പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്നു. നാലുപാടുമുള്ള ഹോട്ടലുകളിൽനിന്നും പ്രവഹിക്കുന്ന കുപ്പള്ളമ്പാരവും അതു ഭക്ഷിക്കാനോടിക്കൂടുന്ന നായ്ക്കളുടേയും മറവുഗങ്ങളുടേയും സംഘട്ടനാരവങ്ങളും തന്മൂലം ചിന്നിച്ചിതറിപ്പോകുന്ന എച്ചിലിലകളും മത്സ്യമാംസാദികളുടെ ചീഞ്ഞതുമിഞ്ഞ അവശിഷ്ടങ്ങളും നിത്യേനകണ്ടു് കാതും നാസാരന്ധ്രങ്ങളും പൊത്തിപ്പോകുന്നവക്കു്, തൃശൂർ മുനിസിപ്